kpcta

കേരള പ്രൈവററ്

# കോളേജ് ടീച്ചർ

ജൂലൈ 1989

സച്ചിദാനന്ദൻ

## വിദ്യാഭ്യാസം: ദർശനവും വിമർശനവും

പേജ് 7

No. 89

## അറിയിപ്പുകൾ

### മെമ്പർഷിപ്പ്

ആഗസ്ററിൽത്തന്നെ മെമ്പർഷിപ്പുപ്രവർത്തനം പൂർത്തിയാക്കുക. തുക ട്രഷറർക്ക് അയയ്ക്കണം. (പി. ജി. ചന്ദ്രശേഖരൻനായർ, പരിയാരത്തുപറമ്പിൽ, പുല്ലാട്. പി.ഒ., തിരുവല്ല)

**ജേർണൽ:** വാർഷിക വരിസംഖ്യ 15 രൂപ മണിഓർഡറായി അയയ്ക്കുക.

ഡ്രാഫ്ററ് ആയാണെങ്കിൽ 'മാനേജിംഗ് എഡിററർ, കേരള പ്രൈവററ് കോളേജ് ടീച്ചർ' എന്ന പേരിൽ വാങ്ങി അയയ്ക്കണം.

വിലാസം: കെ. പി. ദിവാകരൻനായർ, ടി. സി. 3/1206, കേശവദാസപുരം, തിരുവനന്തപുരം-4

**മാററർ അയയ്ക്കേണ്ടത്:** വി. എൻ. മുരളി, എഡിററർ, കേരള പ്രൈവററ് കോളേജ് ടീച്ചർ, ചെമ്പകശേരിനഗർ, കേശവദാസപുരം, തിരുവനന്തപുരം-4

---

# ഫിനാൻസ് കമ്മിററി തെരഞ്ഞെടുപ്പ്

### പ്രൊഫ. ആർ. രവീന്ദ്രൻ നായർക്ക് വമ്പിച്ച ഭൂരിപക്ഷം

കേരള യൂണിവേഴ്സിററി സ്ററാററ്യൂട്ടറി ഫിനാൻസ് കമ്മിററിയിലേക്കുനടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. പ്രതിനിധി പ്രൊഫ. ആർ രവീന്ദ്രൻനായർ വലിയ ഭൂരിപക്ഷത്തിൽ വിജയിച്ചു. പ്രൊഫ. രവീന്ദ്രൻ നായർക്ക് എൺപത്തിമൂന്ന് വോട്ടുകൾ ലഭിച്ചു. എതിർ സ്ഥാനാർത്ഥി ശ്രീ. തങ്കപ്പന് പതിമൂന്ന് വോട്ടുകൾ കിട്ടി.

---

# യു. ജി. സി. ശമ്പള പരിഷ്ക്കാരം

### കമ്മീഷനെ നിയമിച്ചു

യു. ജി. സി. സ്കീം സംസ്ഥാനത്തു നടപ്പിലാക്കുന്നതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ടു സമർപ്പിക്കാൻ ഏകാംഗ കമ്മീഷനെ നിയമിച്ചു. ഇൻസ്ററിററ്യൂട്ട് ഓഫ് മാനേജ്മെൻറ് സ്ററഡീസ് ഇൻ ഗവൺമെൻറിലെ ഡോ. എം. എ. ഉമ്മനെയാണ് നിയമിച്ചിരിക്കുന്നത്. രണ്ടുമാസത്തിനകം റിപ്പോർട്ടു സമർപ്പിക്കും.

---

# മാററങ്ങൾക്ക് നേതൃത്വം നൽകുക

സി .ജെ. ശിവശങ്കരൻ

സെക്രട്ടറി, എ കെ പി സി ടി എ

കഴിഞ്ഞ മൂന്നു ദശാബ്ദത്തിലേറെക്കാലമായി സ്വകാര്യ കോളേജ് അദ്ധ്യാപകരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും വിട്ടുവീഴ്ചയില്ലാതെ പോരാടിക്കൊണ്ടിരിക്കുന്ന അദ്ധ്യാപക സംഘടനയാണ് എ കെ പി സി ടി എ. ഈ കാലയളവിൽ പാരിററി, ഡയറക്ട് പേയ്മെൻറ്, പെൻഷൻ എന്നിവയടക്കമുള്ള നിരവധി അവകാശങ്ങൾ നേടിയെടുക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. യു ജി സി സ്കെയിലിനു വേണ്ടിയുള്ള നമ്മുടെ ശ്രമം ശക്തമായി തുടരുന്നു. അദ്ധ്യാപക സമൂഹത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ സദാ ജാഗ്രത പുലർത്തുകവഴി, സംഘടനാരംഗത്തു നേരിടേണ്ടിവരുന്ന ആഭ്യന്തരവും ബാഹ്യവുമായ കനത്ത വെല്ലുവിളികളെ അതിജീവിച്ച് മുന്നോട്ടുപോകാൻ നമുക്ക് കഴിയുന്നുണ്ട്. കോളേജ് അദ്ധ്യാപക രംഗത്ത് നമ്മോടൊപ്പം നിൽകാൻ ഇന്ന് മറെറാരു സംഘടനയുമില്ല. ഇനിയും ഒട്ടേറെ നിർണ്ണായകമായ സേവന-വേതന വ്യവസ്ഥകൾ നേടിയെടുക്കാനുണ്ടെന്ന് നമുക്കറിയാം. സമരസംഘടനയെന്ന നിലയിലുള്ള സംഘടനാപ്രവർത്തനം കൂടുതൽ ശക്തിയോടെ മുന്നോട്ടു കൊണ്ടുപോകുകയും അവകാശങ്ങൾ ഒന്നൊന്നായി നേടിയെടുക്കുകയും ചെയ്യുന്നതിനോടൊപ്പം തന്നെ, ഉയർന്ന വിദ്യാഭ്യാസയോഗ്യത സമ്പാദിക്കുകയും ഉപരി വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുകയും ചെയ്യുന്നവരെന്ന നിലയിൽ വിദ്യാഭ്യാസ സാംസ്കാരികമേഖലകളിലെ ഗുണപരമായ മാററത്തിന് നേതൃത്വം കൊടുക്കാനുള്ള സാമൂഹ്യബാധ്യത നമുക്കുണ്ടെന്ന വസ്തുത നാം വിസ്മരിച്ചുകൂടാ. അവകാശപോരാട്ടങ്ങളിൽ മാത്രം ഒതുങ്ങി നിന്നുകൊണ്ട് ഒരു അദ്ധ്യാപകസർവ്വീസ് ട്രേഡ് യൂണിയൻ സംഘടനക്കും മുന്നോട്ടുപോകാൻ സാധ്യമല്ല. സമൂഹം അധ്യാപകരിൽ നിന്നും വളരെയേറെ പ്രതീക്ഷിക്കുന്നുണ്ട്. അദ്ധ്യാപകന്റെ ജീവിത രീതിയും വാക്കും കർമ്മവും വിലമതിക്കുന്നതിൽനിന്നും സമൂഹം വളരെയേറെ പിറകോട്ട് പോയിട്ടില്ല. അദ്ധ്യാപകവൃത്തി അർപ്പണബോധത്തോടെ നിർവ്വഹിച്ചുകൊണ്ട് വിദ്യാഭ്യാസമേഖലയിലെ പൊതുസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തിക്കുകയെന്നത് അദ്ധ്യാപക സമൂഹത്തിന്റെ മുഖ്യകർത്തവ്യമാകണം. വിദ്യാഭ്യാസ-സാംസ്കാരിക രംഗത്തുണ്ടാകുന്ന ഓരോ ചലനത്തേയും അതാതു സമയങ്ങളിൽ വിലയിരുത്തുകയും നമ്മുടെ വീക്ഷണം അദ്ധ്യാപകർക്കും ജനങ്ങൾക്കും മുമ്പാകെ അവതരിപ്പിക്കുകയും ഈ രംഗങ്ങളിലെ ക്രിയാത്മകമായ മാററങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്യുകയെന്ന സാമൂഹ്യ ഉത്തരവാദിത്വവും ശക്തമായി നിറവേററേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും സംഘടനയിലെ മുഴുവൻ അംഗങ്ങളെയും ആശയപരമായ അവബോധത്തോടെ കർമ്മസജ്ജരാക്കുന്നതിനും സംഘടനയ്ക്ക് വിദ്യാഭ്യാസ-സാംസ്കാരിക നയ പരിപാടികൾ വേണമെന്ന് കഴിഞ്ഞകാല സമ്മേളനങ്ങളിലും ക്യാമ്പുകളിലും അംഗങ്ങൾ ആവശ്യപ്പെടുകയുണ്ടായിട്ടുണ്ട്. ഈ ആവശ്യം നിറവേററുക എന്നതാണ് ഇവിടെ ചർച്ചക്കു വിധേയമാക്കുന്ന കരടുരേഖ കൊണ്ട് ഉദ്ദേശിക്കുന്നത്. സജീവമായ ചർച്ചകളിലൂടെ ഈ രേഖ സമ്പുഷ്ടമാക്കുകയും അതനുസരിച്ചുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് ഘട്ടമായി വിവിധ തലങ്ങളിൽ നടപ്പിലാക്കുകയും വേണം.

വിദ്യാഭ്യാസ സാംസ്കാരിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിന് സഹായകമായ ചില നിർദ്ദേശങ്ങളാണ് താഴെ കൊടുക്കുന്നത്.

1. വിവിധ വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ടുകൾ വസ്തുനിഷ്ഠമായ പഠനത്തിനു വിധേയമാക്കുക. വിശദമായ പഠനം വഴി സമഗ്രമായ വീക്ഷണത്തോടെയുള്ള ഒരു കരിക്കുലവും സെക്കണ്ടറി വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തിക്കൊണ്ട് പ്രീഡിഗ്രി, ഡിഗ്രി, പി. ജി തലങ്ങളിലെ സിലബസും തയ്യാറാക്കുക. ശാസ്ത്ര-സാങ്കേതിക രംഗത്തുള്ള മുന്നേററത്തിനനുസൃതമായി നാടിനനുയോജ്യമായ കോഴ്സുകൾ നിർദ്ദേശിക്കുക.

പുതിയ വിദ്യാഭ്യാസനയത്തിന്റെ വരേണ്യവർഗ്ഗസ്വഭാവം ചർച്ച ചെയ്യുക. അതോടൊപ്പം യു. ജി. സി. ആവിഷ്കരിച്ചിട്ടുള്ള അദ്ധ്യാപനവും അക്കാദമികവുമായ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളിൽ സജീവമായി പങ്കാളിയാവുക. ഗവേഷണ പ്രവർത്തനങ്ങൾ അദ്ധ്യാപനത്തിന്റെ ഭാഗമാക്കുന്നതിനുള്ള സാധ്യതകൾ ആരായുക. തൊഴിൽപരമായ ഉൽകൃഷ്ടത കൈവരിക്കുന്നതിനും സാമൂഹ്യ പ്രതിബദ്ധതയോടും അർപ്പണബോധത്തോടും അദ്ധ്യാപനവൃത്തി നിർവഹിക്കുന്നതിന് പരമപ്രാധാന്യം നൽകുക. ശാസ്ത്രസാങ്കേതിക-സാമൂഹ്യ വൈജ്ഞാനിക മേഖലകളിൽ നടന്നുവരുന്ന വിവരവിസ്ഫോടനം അതാതു കാലങ്ങളിൽ അദ്ധ്യാപക സമൂഹത്തിന് ലഭ്യമാക്കുന്നതിന് മാർഗങ്ങൾ ആരായുക. സ്വകാര്യട്യൂഷൻ തുടങ്ങി തൊഴിൽപരമായി അധാർമികമായ കാര്യങ്ങളെ നിരുൽസാഹപ്പെടുത്തുക

2 അധ്യാപനം ആകർഷകവും ഫലപ്രദവുമാക്കുന്നതിന് മാർഗ്ഗങ്ങൾ കണ്ടെത്തുക. ചാർട്ട്, സ്ലൈഡ്, ഫിലിം, ഓവർഹെഡ് പ്രൊജക്ററർ എന്നിവ ഫലപ്രദമായി ഉപയോഗിക്കുക. ലൈബ്രറി, ലാബ്രട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുകയും ഉള്ളവയുടെ ഉപയോഗം കാര്യക്ഷമമാക്കുകയും ചെയ്യുക. അധ്യാപകരിലും വിദ്യാർത്ഥികളിലും വായനാശീലവും ഗവേഷണ താൽപര്യവും വളർത്തുന്നതിനുള്ള മാർഗങ്ങൾ ആരായുക. കലാലയവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനു, പഠിക്കുന്നതിനും നേതൃത്വം നൽകുക.

3 സമകാലിക സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക പ്രശ്നങ്ങളെ പഠിക്കുകയും ഫലപ്രദമായി പ്രതികരിക്കുകയും ഇടപെടുകയും ചെയ്യുക. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ബഡ്ജററുകൾ, കേരളത്തിലെ വൈദ്യുതി പ്രതിസന്ധി, കേന്ദ്ര-സംസ്ഥാനബന്ധങ്ങൾ, പഞ്ചായത്ത് രാജ്ബിൽ, രാമജൻമഭൂമി-ബാബറി മസ്ജിദ്തർക്കം, പുതിയ സാമ്പത്തികനയം, പുതിയ പേററൻറ് വ്യവസ്ഥകൾ, ഐ. എം. എഫ്.-ലോക ബാങ്ക് കരാറുകൾ, സ്വാശ്രയത്വവും പുതിയ സാമ്പത്തികനയവും തുടങ്ങി നിരവധി പൊതു താൽപര്യമുള്ള വിഷയങ്ങൾ പഠനത്തിനും സജീവചർച്ചക്കും വിധേയമാക്കുക.

4 നമ്മുടെ ഇടയിലുള്ള എഴുത്തുകാരൻമാരെയും കണ്ടെത്തി പ്രോത്സാഹനം നൽകുക. കൂടുതൽ പേരെ ഈ മേഖലയുമായി ബന്ധപ്പെടുത്തുക. മേൽപറഞ്ഞതുപോലുള്ള പ്രശ്നങ്ങളേയും വൈജ്ഞാനിക മേഖലകളെയും സംബന്ധിച്ച ലേഖനങ്ങൾ, ലഘുരേഖകൾ, എന്നിവ പ്രസിദ്ധീകരിക്കുക. സമകാലിക സാമൂഹ്യ-സാംസ്കാരിക പ്രശ്നങ്ങളെ സംബന്ധിച്ച് തെരുവുനാടകങ്ങളും മററു കലാരൂപങ്ങളും അവതരിപ്പിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുക. ഇത്തരം പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നമ്മുടെ ജേർണലിനെ പുനഃസംവിധാനം ചെയ്യുക.

5 സാംസ്കാരിക—സാമൂഹ്യ പ്രശ്നങ്ങളിൽ വിവിധ പുരോഗമന പ്രസ്ഥാനങ്ങളും ട്രേഡ്യൂണിയൻ സംഘടനകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുള്ള സാധ്യതകൾ ആരായുക. ശാസ്ത്രബോധവും സാമൂഹ്യബോധവും ജനജീവിതത്തിന്റെ ഭാഗമാക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക. നാടിന്റെ ശാപമായ നിരക്ഷരത നിർമ്മാർജനംചെയ്യുന്നതിൽപങ്കാളികളാകുക

6 യൂണിവേഴ്സിററി തലത്തിലുള്ള സിൻഡിക്കേററ്. സെനററ്, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്ററഡീസ് എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഉള്ള പരിപാടികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കുക. ഈ സമിതികളിലുള്ള സംഘടനാ പ്രതിനിധികൾ സംഘടനയുടെ കാഴ്ചപ്പാടനുസരിച്ച് കൂട്ടായ പ്രവർത്തനത്തിന് നേതൃത്വം നൽകുക. ഉപരിവിദ്യാഭ്യാസത്തെ നിയന്ത്രിക്കുന്ന സമിതികളെന്ന നിലയിൽ വിദ്യാഭ്യാസത്തിന്റെ

(ശേഷം 29-ാം പേജിൽ)

# എ കെ പി സി ടി എ പ്രവർത്തക ക്യാമ്പ്-ഒരവലോകനം

പ്രൊഫ ആർ. മോഹനകൈമൾ

1989 ജൂലൈ 15, 16 തീയതികളിൽ തൃശൂർ കേരളവർമ കോളേജിൽ നടത്തപ്പെട്ട പ്രവർത്തക ക്യാമ്പ് പല കാരണങ്ങളാലും ശ്രദ്ധേയമായി. സംസ്ഥാന കമ്മററി അംഗങ്ങൾക്കു വേണ്ടി നടത്തപ്പെട്ട ഈ ക്യാമ്പ് തികഞ്ഞ പ്രാതിനിധ്യമുള്ളതായിരുന്നു.

സംഘടനയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് പ്രേരണയും പ്രചോദനവും വഴികാട്ടിയുമാകേണ്ട പ്രൗഢമായ സംവാദങ്ങൾ, ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്ന തീരുമാനങ്ങൾ എന്നിവകൊണ്ടു സമ്പന്നമായിരുന്നു സംസ്ഥാന കമ്മററി അംഗങ്ങളുടെ ഈ സംഗമം എന്നു നിസ്സംശയം പറയാം.

ട്രേഡ്യൂണിയൻ പ്രസ്ഥാനങ്ങളുടെ പ്രസക്തിയും കടമകളും എന്ന വിഷയത്തെ അധികരിച്ച് സി ഐ ടി യു തൃശൂർ ജില്ലാ സെക്രട്ടറി സ: പൗലോസ് മാസ്ററർ എടുത്ത ക്ലാസ് ക്യാമ്പിലെ കാര്യപരിപാടികൾക്ക് തുടക്കം കുറിച്ചു. ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ, സംക്ഷിപ്തമെങ്കിലും തീക്ഷണവും സാർത്ഥകവുമായ ഒരു അപഗ്രഥനമായിരുന്നു പ്രസ്തുത ക്ലാസ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള അഭിമാനാർഹമായ നേട്ടങ്ങളിലൂടെ കണ്ണോടിച്ച പൗലോസ് മാസ്ററർ, ഇന്ത്യയിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൽ അന്തർലീനമായിരിക്കുന്ന ശക്തി ദൗർബല്യങ്ങളിലേക്ക് വെളിച്ചം വീശിയതോടൊപ്പം ദേശാന്തരങ്ങളിൽ പ്രസ്ഥാനം നേടിയിട്ടുള്ള വളർച്ചയും പരാമർശ വിധേയമാക്കി.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ തൊഴിലാളിവർഗ്ഗം, ഒട്ടേറെ പ്രക്ഷോഭ സമരങ്ങളിലൂടെ ഉണ്ടാക്കിയ നേട്ടങ്ങളിലൂടെ യശസ്സ് വർധിപ്പിച്ചിട്ടുണ്ട്. ഈ പ്രക്ഷോഭസമരങ്ങളിൽ മിക്കവയും കൂടുതൽ കൂലി, ഉയർന്ന ബോണസ് തുടങ്ങിയ മുന്തിയ സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി നടത്തപ്പെട്ടവയായിരുന്നു. ട്രേഡ് യൂണിയൻ അവകാശങ്ങൾക്കുവേണ്ടി-ഉദാ. ലോക്കൗട്ടുകൾക്കെതിരെയും മററും-യും, സർക്കാർ നയങ്ങൾക്കെതിരെ—ഉദാ-കമ്പ്യൂട്ടർവൽക്കരണം-യും പ്രക്ഷോഭ സമരങ്ങൾ നടത്തപ്പെട്ടിട്ടുണ്ട് ഓരോ സമരവും തീരുമ്പോൾ ആപേക്ഷികമായി കൂടുതൽ മെച്ചപ്പെട്ട നില തൊഴിലാളികൾ കൈവരിച്ചു എന്നു തോന്നുമെങ്കിലും ആത്യന്തികമായി അവരുടെ സ്ഥിതിയിൽ മാററമുണ്ടായിട്ടില്ല എന്നതാണു സത്യം. പ്രക്ഷോഭ സമരങ്ങളിലൂടെ കൈവരിച്ചനേട്ടങ്ങൾ നിഷ്പ്രഭമാക്കപ്പെടുന്നു എന്നു കാണാം. തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിൽ തന്നെ അന്തർലീനമായിട്ടുള്ള ഒട്ടേറെ പോരായ്മകൾ ഇതിനു കാരണമാണ്. അതുകൊണ്ടുതന്നെ ഓരോ സമരവും അവസാനിക്കുമ്പോൾ തൊഴിലാളി തൊഴിലാളിയായും മുതലാളി മുതലാളിയായും അവശേഷിക്കുന്നു.

വൻ വ്യവസായങ്ങളുടെ വളർച്ചയോടെ തൊഴിൽരഹിതരാക്കപ്പെട്ട കൈത്തൊഴിലിലേർപ്പെട്ടിരുന്നവർ, തങ്ങളുട്ടെ ഈ സ്ഥിതിക്കുകാരണം യന്ത്രങ്ങളാണെന്നധാരണയിൽ യന്ത്രങ്ങളെ തകർത്തുതുടങ്ങി-ലുദ്ദിസ്ററ് മൂവ്മെൻറ്. ഇത് തികച്ചും തെററും വികലവുമായ ഒരു നടപടി ആയിരുന്നു എന്ന് തൊഴിലാളികൾക്ക് പിന്നീടേ മനസിലായുള്ളു. യന്ത്രങ്ങൾക്കെതിരേ നടത്തിയ ആ സമരം യഥാർത്ഥത്തിൽ രോഗത്തിനെതിരെയല്ല രോഗലക്ഷണങ്ങൾക്കെതിരെ ആയിരുന്നു. യഥാർഥരോഗം മുതലാളിത്തമാണെന്ന വസ്തുത ഇന്ത്യൻ തൊഴിലാളിയും മനസിലാക്കേണ്ടതുണ്ട്. ഉല്പാദനബന്ധങ്ങളിലുള്ള മാററത്തിലൂടെ മാത്രമേ തൊഴിലാളിക്ക് അവന്റെ സ്ഥിതി മെച്ചപ്പെട്ടതും ഭദ്രവുമാക്കാൻ കഴിയുകയുള്ളു.

തൊഴിലാളിതാല്പര്യങ്ങൾക്ക് അനുഗുണമല്ലാത്ത, വിരുദ്ധമായ നയങ്ങളും പരിപാടികളും സർക്കാരിന്റെ ഭാഗത്തുനിന്നും തുടരെത്തുടരെ ഉണ്ടാകുന്നുണ്ട്. ഇവയ്ക്കെല്ലാമെതിരായുള്ള ഒററപ്പെട്ട ചെറുത്തുനില്പിലൂടെ ഉദ്ദിഷ്ട ഫലം ലഭ്യമാവുകയില്ല. ഹോസ്പിററൽ

ആൻറ് അദർ ഇൻസ്ററിററ്യൂഷൻ ബില്ല് തുടങ്ങിയവയ്ക്കെതിരെ തൊഴിലാളികളുടെ നാഷണൽകാമ്പയിൻ കമ്മിററി (എൻ സി സി) പോലുള്ള സംഘടിതവും യോജിച്ചതുമായ സമരവേദികൾ രൂപപ്പെട്ടുവരുന്നത് ശുഭോദർക്കമാണ്.

സാമൂഹ്യ യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള ഉയർന്നബോധം ഇന്ത്യൻ തൊഴിലാളിക്കുണ്ടാവേണ്ടതുണ്ട്. ട്രേഡ് യൂണിയൻ ഐക്യം ലളിതമായ കാര്യമല്ല. വർഗപരമായ കടമകൾക്കു കീഴ്പ്പെട്ടുകൊണ്ടുവേണം ട്രേഡ് യൂണിയൻ ഐക്യം സാക്ഷാത്കരിക്കുക. തൊഴിലാളികൾക്ക് സമൂഹത്തോടുള്ള തങ്ങളുടെ കടമയെക്കുറിച്ചുള്ള ഉയർന്ന ബോധം ഉണ്ടായിരിക്കണം. കൂടുതൽ സാമ്പത്തികനേട്ടങ്ങൾക്കുവേണ്ടിയോ അതുപോലെയുള്ള മററാവശ്യങ്ങൾക്കുവേണ്ടിയൊ നൂറുദിവസം സമരംചെയ്യാൻ തയ്യാറാകുന്ന ഇന്ത്യൻ തൊഴിലാളി ഒരു സാമൂഹ്യപ്രശ്ന പരിഹാരത്തിനുവേണ്ടി പത്തു ദിവസംപോലും സമരംചെയ്യാൻ തയ്യാറാകുന്നില്ല. സാമൂഹ്യപ്രശ്നങ്ങൾക്കുനേരെ തക്കസമയത്ത് പ്രതികരിക്കാൻ തൊഴിലാളി തയ്യാറാകുന്നില്ല. ഇതിനെല്ലാം കാരണമായ ഉയർന്ന സാമൂഹ്യബോധമില്ലായ്മ എന്ന കുറവ് നികത്തുക വഴി തൊഴിലാളി ജനങ്ങളുടേയും ബോധനിലവാരം ഉയർത്തുമെന്ന് മനസിലാക്കേണ്ടതുണ്ട്. താൻ അദ്ധ്വാനത്തിൻെറ വില്പനക്കാരൻ മാത്രമല്ല, അതിൻെറ യഥാർത്ഥ ഉപഭോക്താവും കൂടിയാണ് എന്ന ഉയർന്ന ബോധം ഇന്ത്യൻ തൊഴിലാളിക്കുണ്ടാവണം. ബഡ്ജററ് തുടങ്ങിയ പൊതുപ്രശ്നങ്ങളിൽ പ്രതികരിക്കുവാൻ തൊഴിലാളിക്കു കഴിയണം.

ദേശീയപ്രശ്നങ്ങളിൽ പലതിലും ഇന്ത്യയിലെ തൊഴിലാളി പ്രസ്ഥാനങ്ങൾ തമ്മിൽ യോജിപ്പില്ല. ഇത് പ്രസ്ഥാനത്തിൻെറ ശക്തിയെയല്ല ദൗർബല്യത്തെയാണ് സൂചിപ്പിക്കുന്നത്. പല വികസിത മുതലാളിത്ത രാജ്യങ്ങളിലെയും പൊതുമേഖല ഇന്ത്യയിലേക്കാൾ വിപുലവും സമ്പന്നവുമാണ്. എങ്കിൽപോലും തങ്ങളുടേത് സോഷ്യലിസമാണെന്ന് പറയാതിരിക്കാനുള്ള സത്യസന്ധതയും ആർജ്ജവവും അവിടങ്ങളിലെ ഭരണകൂടങ്ങൾ കാണിക്കുന്നു.

ഇവിടെയോ? പൊതുമേഖലയുടെ വ്യാപ്തി നാൾക്കുനാൾ കുറഞ്ഞുകൊണ്ടിരിക്കുന്നു-അല്ല കുറച്ചുകൊണ്ടു വരുന്നു. എങ്കിലും സോഷ്യലിസത്തെക്കുറിച്ചുള്ള വായ്ത്താരികൾ ഭരണകൂടത്തിൻെറ വക്താക്കളിൽ നിന്നും കേൾക്കുന്നു.

ഇന്ത്യൻ തൊഴിലാളി പ്രസ്ഥാനം പുതിയ പുതിയ വെല്ലുവിളികളെ നേരിടുന്നതിനുള്ള കരുത്താർജ്ജിക്കേണ്ടിയിരിക്കുന്നു.

തുടർന്ന് പ്രൊഫസർ സച്ചിദാനന്ദൻ വിദ്യാഭ്യാസം: ദർശനവും വിമർശനവും എന്ന വിഷയത്തെ ആധാരമാക്കി അത്യന്തം ചിന്തോദ്ദീപകവും പഠനാർഹവുമായ പ്രബന്ധം അവതരിപ്പിച്ചു (പ്രബന്ധം അന്യത്ര ചേർത്തിട്ടുണ്ട്.)

അദ്ദേഹം കൈകാര്യം ചെയ്ത വിഷയത്തിൻെറ പ്രസക്തിയും പ്രാധാന്യവും കണക്കിലെടുത്ത് അതിന്മേലുള്ള ചർച്ചകൾ പിന്നീട് ജില്ലാ തലത്തിൽ സംഘടിപ്പിക്കുവാൻ തീരുമാനിക്കപ്പെട്ടു.

തുടർന്ന് ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചിടത്തോളം അങ്ങേയററം പ്രസക്തമായ രണ്ടു വിഷയങ്ങൾ ആധാരമാക്കി പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. ശാസ്ത്രവിഷയങ്ങളുടെ അദ്ധ്യാപനത്തെ സംബന്ധിച്ച പ്രബന്ധം പ്രൊഫ. കെ. ആർ. ജനാർദ്ദനനും മാനവിക വിഷയങ്ങളെ സംബന്ധിച്ച പ്രബന്ധം പ്രൊഫ. കെ. എൻ. ഗണേശും അവതരിപ്പിച്ചു. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഇന്ത്യയിൽ ഇന്നോളം നടപ്പാക്കിപ്പോന്നിട്ടുള്ള തലതിരിഞ്ഞ വിദ്യാഭ്യാസ നയം മൂലം വിദ്യാഭ്യാസം കൊണ്ട് ഇന്ത്യൻ ജനതക്കും ഇന്ത്യയ്ക്കും ലഭിക്കേണ്ട വളർച്ചയും പുരോഗതിയും നാല്പതിൽ പരം വർഷം കഴിഞ്ഞിട്ടും അപ്രാപ്യങ്ങളായിരിക്കുന്നു എന്ന് പ്രൊഫ. ജനാർദനൻ സമർത്ഥിച്ചു. വിദ്യാഭ്യാസത്തിനുവേണ്ടി ഓരോപദ്ധതിയിലും നീക്കി വയ്ക്കുന്ന വിഹിതം അങ്ങേയററം അപര്യാപ്തമെന്നതോ പോകട്ടെ, പ്രാഥമിക വിദ്യാഭ്യാസത്തെ പാടെ അവഗണിച്ചുകൊണ്ട് വരും കാലങ്ങളിൽ ആവശ്യമായിവരുന്ന ഒരു പററം ടെക്നോക്രാററുകളെ വാർത്തെടുക്കുന്നതിന് വേണ്ടിയുള്ള ഉന്നതവിദ്യാഭ്യാസത്തിൽ വരേണ്യവിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള തലതിരിഞ്ഞ നയം ഇപ്പോഴും പിന്തുടരുന്നു. നമ്മുടെ സിലബസിൽ ഒരു അഴിച്ചുപണി നടത്തേണ്ടതിൻെറ ആവശ്യകതയിലേക്കും പ്രൊഫ. ജനാർദനൻ വിരൽചൂണ്ടി.

(ശേഷം 25-ാം പേജിൽ)

സച്ചിദാനന്ദൻ

# വിദ്യാഭ്യാസം: ദർശനവും വിമർശനവും

മനുഷ്യർ സ്വയം മനസിലാക്കുവാനും 'സത്യം' ഉത്പാദിപ്പിക്കുവാനുമുള്ള ശ്രമത്തിൽ നാലുതരം സാങ്കേതിക വിദ്യകൾക്ക് ജൻമം നൽകിയിട്ടുണ്ട്. വസ്തുക്കൾ നിർമ്മിക്കാനും പരിവർത്തനപ്പെടുത്താനും പ്രയോജനപ്പെടുത്താനുമുള്ള ഉത്പാദനത്തിന്റെ സാങ്കേതിക വിദ്യകൾ (technologies of production); മുദ്രകളും അർത്ഥങ്ങളും പ്രതീകങ്ങളുമുപയോഗിക്കുന്ന ചിഹ്ന വ്യവസ്ഥകളുടെ സാങ്കേതികവിദ്യകൾ (technologies of sign Systems), വിഷയികളെ വസ്തുക്കളാക്കിമാററി വ്യക്തികളുടെ പെരുമാററങ്ങളെ ചില ലക്ഷ്യങ്ങൾക്കും അധീശത്വത്തിനും കീഴ്പ്പെടുത്തുന്ന അധികാരത്തിന്റെ സാങ്കേതിക വിദ്യകൾ (technologies of power); സൗഖ്യം, ജ്ഞാനം, വിശുദ്ധി, അനശ്വരത, സമ്പൂർണ്ണത മുതലായ ചില അവസ്ഥകൾ കൈവരിക്കുവാനായി സ്വന്തം ശരീരങ്ങളിലും ചിന്തകളിലും അസ്തിത്വരീതികളിലും സ്വഭാവത്തിലും മററും സ്വയം തന്നെ, അല്ലെങ്കിൽ അപരരുടെ സഹായത്തോടെ, മാററങ്ങൾ വരുത്താൻ വ്യക്തികൾക്കവസരം നൽകുന്ന സ്വത്വത്തിന്റെ സാങ്കേതികവിദ്യകൾ (technologies of the self). യഥാക്രമം സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവും ആദ്ധ്യാത്മികവുമായ മണ്ഡലങ്ങൾക്ക് പിറവി നൽകുന്ന ഈ സങ്കേതങ്ങൾ, വ്യത്യസ്തമായ അധികാര രൂപങ്ങൾക്കടിസ്ഥാനമായി വർത്തിക്കുന്നുവെങ്കിലും സമൂഹത്തിൽ ഇവ അന്യോന്യാശ്രിതമായാണ് നിലനിൽക്കുന്നത്. ഇവയുടെ പരസ്പരാശ്രിതത്വം ഏററവുമധികം പ്രകടമായ ഒന്നാണ് വിദ്യാഭ്യാസത്തിന്റെ മേഖല. സമ്പദ്‌വ്യവസ്ഥയുടെ ആവശ്യങ്ങളും അവയുടെ പ്രത്യയശാസ്ത്ര രൂപങ്ങളുമാണ് ഒരു സംവേദന മേഖലയെന്ന നിലയിലും അനുശാസനമേഖലയെന്ന നിലയിലും വിദ്യാഭ്യാസത്തെ എക്കാലവും നിയന്ത്രിച്ചുപോന്നിട്ടുള്ളത്. പാഠശാലകളുടെ വാസ്തുശില്പ സംവിധാനങ്ങൾ മുതൽ പാഠ്യപദ്ധതികളുടെ വൈജ്ഞാനികമായ ഉള്ളടക്കം വരെ, വ്യക്തിശരീരങ്ങളെയും മനസുകളെയും ചില സവിശേഷ രീതികളിൽ ചിട്ടപ്പെടുത്തുവാനുള്ള അധികാര വ്യവസ്ഥകളുടെ പരിശ്രമങ്ങളുമായി ബന്ധപ്പെട്ടാണ് വികസിച്ചു പോന്നിട്ടുള്ളത്. ഓരോ കാലഘട്ടത്തിലും നെടുനായകത്വം നേടുന്ന വർഗങ്ങളും രാഷ്ട്രീയ യുക്തിയുടെ (Political rationality) രൂപങ്ങളുമാണ് ഇതരസ്ഥാപനങ്ങളുടെയെന്നപോലെ വിദ്യാഭ്യാസ

---

1989 ജൂലൈ 15, 16 തീയതികളിൽ തൃശൂർ കേരളവർമ്മ കോളേജിൽ നടന്ന എ കെ പി സി ടി എ പ്രവർത്തക ക്യാമ്പിൽ അവതരിപ്പിച്ച പ്രബന്ധം. പ്രസിദ്ധ കവിയും ചിന്തകനുമായ പ്രൊഫ. സച്ചിദാനന്ദൻ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് അധ്യാപകനാണ്.

ത്തിന്റെയും ലക്ഷ്യവും മാർഗവും തീരുമാനിക്കുന്നത്. സമരോത്സുകമായ സ്പാർട്ടൻസമൂഹവും റോമാസാമ്രാജ്യവും നല്ല സൈനികരെ വാർത്തെടുക്കുന്നതിലാണ് ശ്രദ്ധിച്ചത്: ക്രിസ്തുമതത്തിന്റെ വരവോടെ ഈ രാജ്യത്തിലെ നല്ല പൗരനാകുന്നത് ദൈവരാജ്യത്തിലെ ഉത്തമപൗരനാകാനുള്ള ഒരു മുന്നൊരുക്കം മാത്രമായി കാണപ്പെട്ടു. പൗരാണികഭാരതത്തിലും ബ്രഹ്മ വിദ്യയിലൂടെയുള്ള ആത്മസാക്ഷാത്കാരമായിരുന്നു വിശിഷ്ട വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായി കരുതപ്പെട്ടത്.

പ്ലേറ്റോയുടെ 'റിപ്പബ്ലിക്കി'ലെ വിദ്യാഭ്യാസാദർശം നോക്കുക: ഈശ്വര വിശ്വാസവും കുലീന സദാചാരവും സൈനിക ധീരതയുമാണതിന്റെ അടിസ്ഥാനങ്ങൾ. ഈശ്വരൻമാരെ നൻമയുടെ പ്രതീകങ്ങളായി മാത്രമേ അവതരിപ്പിക്കാവൂ എന്നും അവരെ നിന്ദിക്കുകയോ തിൻമയും കലഹവും പ്രതികാരവും പ്രോത്സാഹിപ്പിക്കുകയോ ചെയ്യുമ്പോൾ ഹോമറിനെയും ഈസ്കിലസിനെയും പോലുള്ള മഹാകവികളെപ്പോലും പാഠ്യപദ്ധതികളിൽനിന്ന് ഒഴിച്ചു നിർത്തണമെന്നും പ്ലേറ്റോ വാദിക്കുന്നു. മരണഭയമുള്ളവർ അധീരരായിരിക്കുമെന്നതുകൊണ്ട് മരണാനന്തര ജീവിതത്തിലെ പീഡനങ്ങളെക്കുറിച്ചെഴുതുന്നവരെയും അകററി നിർത്തണം. വിലാപങ്ങൾ ഒഴിവാക്കി, ദുഃഖകരമായ സാഹചര്യങ്ങളെ ദൃഢചിത്തരായി നേരിടാനും മഹദ് കർത്തവ്യങ്ങൾക്കായി പ്രാണത്യാഗം ചെയ്യാനും വിദ്യാഭ്യാസം വിദ്യാർത്ഥികളെ ഒരുക്കിയെടുക്കണം. ചരിത്ര പുരുഷൻമാരുടെ ധീരകൃത്യങ്ങളെ വാഴ്ത്തുന്ന സാഹിത്യമാണ് പ്രോത്സാഹനമർഹിക്കുന്നത്; അങ്ങിനെ സാഹിത്യം യുദ്ധ പരിശീലനത്തിനും ഭരണപരിശീലനത്തിനും ഉതകണം. സംഗീതത്തിലും വിലാപഗാനങ്ങളും ശോകഗീതികളും നിരോധിക്കണം. മൃദുലതയ്ക്കും അലസതയ്ക്കും വഴിവെയ്ക്കുന്ന സംഗീതം സൈനികരെ തരളചിത്തരും നിഷ്ക്രിയരുമാക്കും; അതുകൊണ്ട് ധീരവും അനുശാസിതവുമായ ജീവിതത്തിനുചേർന്ന, വീരരസ പ്രധാനവും അസങ്കീർണ്ണവുമായ രാഗങ്ങൾക്ക് പ്രാധാന്യം നൽകണം. അച്ചടക്കം, ധൈര്യം, ഉദാരത, മനസിന്റെ മഹത്വം തുടങ്ങിയ ഗുണങ്ങളെയും അവയ്ക്കു വിപരീതമായ ദോഷങ്ങളെയുംക്കുറിച്ച് ശരിക്കും തിരിച്ചറിവുണ്ടാകുകയാണ് വിദ്യാഭ്യാസത്തിന്റെ ആദ്യഘട്ടത്തിൽ വേണ്ടത്: പുരാണകഥകൾ, സാഹിത്യം, സംഗീതം എന്നിവയിലൂടെയാണ് ഇതു സാധിക്കേണ്ടത്. മനോവികാസത്തിന് കായികപരിശീലനം നൽകണം. കായികപരിശീലനം യുദ്ധപരിശീലനത്തിന്റെ ഭാഗമാകണം. സൈനികർ കാവൽനായ്ക്കളെപ്പോലെ ജാഗരൂകരായിരിക്കണം; കാഴ്ച, കേൾവി, ആരോഗ്യം ഇവയിൽ സമ്പന്നരായിരിക്കണം. അതിന് അവർ മദ്യവും സമൃദ്ധഭക്ഷണവും സുഖഭോഗങ്ങളുമുപേക്ഷിച്ച് സരളജീവിതം നയിക്കണം. മൃദുലവികാരങ്ങളെയും ക്ഷോഭങ്ങളെയും കീഴടക്കി ചുണയും ചൊടിയുമുള്ളവരാകാനാണ് എല്ലാ പൗരൻമാരും ശീലിക്കേണ്ടത്. കായികവും മാനസികവുമായ വിദ്യാഭ്യാസത്തിലൂടെ ശക്തി പ്രഭാവങ്ങളെ സമന്വയിച്ച് യുക്തിബോധത്തെ നേർവഴിക്കുനയിക്കുന്നതിലൂടെ മാത്രമേ പൗരൻമാരെ രാഷ്ട്രസേവനത്തിന് പ്രാപ്തരാക്കാൻ കഴിയൂ. പ്ലേറ്റോയുടെ ഈ പ്രതിപാദനങ്ങൾ ശാശ്വത സത്യങ്ങളാണെന്നാണ് അദ്ദേഹം ഭാവിക്കുന്നതെങ്കിലും പ്രാചീന ഗ്രീസിലുയർന്നുവന്ന അനുശാസനരൂപങ്ങളും പ്രത്യയശാസ്ത്രപരമായ ആവശ്യങ്ങളുമായി ബന്ധപ്പെട്ട ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് അദ്ദേഹം സങ്കൽപ്പിച്ചത്. സോക്രട്ടീസിന്റെ സംഭാഷണങ്ങൾ മുതൽ സെനഫൺ, ഹിപ്പോക്രാററിസ് തുടങ്ങിയ തത്വചിന്തകരും ആൽബിനസ് മുതലുള്ള നിയോപ്ലേറേറാണിസ്ററുകളും അവതരിപ്പിച്ച ദർശനങ്ങൾവരെ പടർന്നുകിടക്കുന്നതും പിൽക്കാലത്ത് സെൻറ്അഗസ്ററിന്റെയും മററും ക്രിസ്തീയ ദൈവശാസ്ത്രത്തെ ഗണ്യമായി സ്വാധീനിച്ചതുമായ സുഖഭോഗവിരുദ്ധവും (anti-hedonistic)പ്രതിഭാസാത്മകവും (Phenomenalistic: ലോകത്തെ യാഥാർത്ഥ്യത്തിന്റെ അഥവാ 'ആശയ'ത്തിന്റെ ഒരു 'പ്രതിഭാസം'മാത്രമായിച്ചുരുക്കുന്നത്) ആശയവാദപരവും (idealistic) ആയ ഒരു ലോകവീക്ഷണത്തിന്നകത്താണ് പ്ലേറേറായുടെ വിദ്യാഭ്യാസചിന്തകളും ഉദയംകൊള്ളുന്നത്. തത്വചിന്തകരായ ഭരണാധികാരികളും വീരരായ സൈനികരും വിദ്യാഭ്യാസ ചർച്ചയിൽ വരികയേ വേണ്ടാത്ത അദ്ധ്വാനികളും അടിമകളും: ഇങ്ങനെ മൂന്നുതട്ടിലുള്ളവരും സ്വധർമ്മം അനുഷ്ഠിക്കുന്നവരുമായ ഒരു വർഗ സമുദായമാണ് പ്ലേറേറായുടെ

നീതിസങ്കൽപ്പത്തിലുള്ളത്. യുക്തിശക്തിയുള്ള ഒരു ന്യൂനപക്ഷം, ഭൂരിപക്ഷത്തെ തങ്ങൾക്കു പ്രയോജനകരമായ വിധത്തിൽ നിയന്ത്രിക്കുകയും സേവനം ശീലിപ്പിക്കുകയും ചെയ്യുന്ന ഒരു സമുദായമാണിവിടെക്കാണുക.

ഇന്ത്യയിലെ പ്രധാന വിദ്യാഭ്യാസ രീതികളെടുത്താലും ഇത്തരം വർഗനിർണ്ണയനങ്ങൾ കണ്ടെത്തുക പ്രയാസമാവില്ല. ഭാരതീയ ദർശനങ്ങളുടെ സ്വാതോത്പാദന സാങ്കേതികവിദ്യകളിൽ ആയിരുന്നു അവയുടെ ഊന്നൽ. "ഒരു വ്യക്തിയുടെ ആത്യന്തികമായ ധർമ്മം പരമസത്യത്തിലേയ്ക്കു വികസിക്കലാണ്, സ്വയം പൂർണ്ണത പ്രാപിക്കലാണ്. ഈശ്വരത്വം പ്രാപിക്കാനുള്ള ശക്തി വിശേഷം അവനിൽത്തന്നെയുണ്ട്. ദൈവികത്വത്തിന്റെ പൊരികൾ ഓരോ വ്യക്തിയും ഉൾക്കൊള്ളുന്നു-" ഇങ്ങിനെയാണ് . രാധാകമൽ മുഖർജി ('പ്രാചീന ഇന്ത്യൻ വിദ്യാഭ്യാസം') അവയുടെ അടിസ്ഥാനതത്വത്തെ നിർവ്വചിക്കുന്നത്. വസ്തുനിഷ്ഠജ്ഞാനം വ്യക്തിയെ പൂർണ്ണതയിലേയ്ക്ക് നയിക്കുകയില്ലെന്നും തന്നെക്കുറിച്ച് തന്നെയാണ് അവൻ മുഖ്യമായും ധ്യാനിക്കേണ്ടതെന്നും ബാഹ്യ പ്രപഞ്ചത്തിന് അതിൽ വലിയ സ്ഥാനമില്ലെന്നുമായിരുന്നു സങ്കല്പം. ശ്രവണം, മനനം നിദ്രദ്ധ്യാസനം എന്നീ മൂന്നു പടവുകളിലൂടെയാണ് വിദ്യാഭ്യാസം നടക്കുന്നതെന്ന് ഉപനിഷത്തുകൾ പറയുന്നു. വിദ്യാഭ്യാസം ബ്രഹ്മചാരിക്കുമാത്രം വിധിക്കപ്പെട്ടതാണ്. ബ്രഹ്മത്തിലേയ്ക്ക് നയിക്കുന്ന ഇന്ദ്രിയ സംയമനത്തിന്റെ ജീവിതരീതിയാണ് ബ്രഹ്മചര്യം. വിഷയാവതരണം, പ്രശ്നം (ചോദ്യം), അഭിപ്രശ്നം (മറുചോദ്യം), പ്രശ്നവിവേകം (ഉത്തരം) ഇതായിരുന്നു അഭ്യസനരീതി. ഗുരു എല്ലാമറിയുന്നവനും ശിഷ്യൻ ഒന്നുമറിയാത്തവനും എന്നായിരുന്നു സങ്കൽപ്പം. 'ഞാൻ സംസാരിക്കുമ്പോൾ നീ നിശബ്ദനായിരിക്കുക' എന്ന ആശംസയോടെയാണ് ഗുരു ശിഷ്യനെ സ്വീകരിച്ചിരുന്നത്. ശിഷ്യൻ ഗുരുവിന്നൊപ്പമിരിക്കരുത് ഗുരു ഉറങ്ങുംമുമ്പേ ഉറങ്ങരുത്, ഗുരു ഉണരും മുമ്പേ ഉണരണം: ഇതായിരുന്നു നിർദ്ദേശം; ഗുരു ബ്രഹ്മവും വിഷ്ണുവും മഹേശ്വരനുമായിക്കരുതപ്പെട്ടിരുന്നു. ഇത്തരം ജ്ഞാനം ബ്രാഹ്മണർക്കു നൽകിയിരുന്ന അധികാരത്തിന്റെ വ്യാപ്തി ആലോചിക്കാവുന്നതേയുള്ളൂ. വർണ്ണവ്യവസ്ഥയുമായി അഭേദ്യബന്ധം പുലർത്തിയിരുന്നു വിദ്യാഭ്യാസം. ഓരോ വർണ്ണത്തിനും മുൻകൂട്ടിനിർണ്ണയിക്കപ്പെട്ട തൊഴിലുകൾ അഭ്യസിപ്പിക്കുകയായിരുന്നു അതിന്റെധർമ്മം. ധർമ്മസംഹിതകളിലും തത്വചിന്തകളിലുംപൂർണ്ണമായ അധികാരം കയ്യാളുന്നതിലൂടെ സമുദായത്തിന്റെ പ്രത്യയശാസ്ത്രപരമായനിയന്ത്രണം ബ്രാഹ്മണരുടെ കൈയിൽത്തന്നെ നിന്നു. രാജാധികാരം മുഖ്യമായും സാമ്പത്തികവും സൈനികവുമായിരുന്നു. ഭരണകലയായ 'ഛാത്രവിദ്യ'യും ആയോധനകലയായ 'ധനുർവ്വിദ്യ'യുമായിരുന്നു ക്ഷത്രിയാദ്ധ്യയനത്തിന്റെ ഉള്ളടക്കം. വൈശ്യർക്ക് കർഷകവിദ്യയിലും വ്യാപാരത്തിലുമുള്ള പ്രായോഗിക പരിശീലനം നൽകപ്പെട്ടിരുന്നുവെന്നു കരുതണം. ശൂദ്രർക്ക് യജമാന പ്രീതിക്കാവശ്യമായ കലാവിദ്യകളിൽ അഭ്യസനം നൽകപ്പെട്ടിരു നു. വിദ്യാർത്ഥികൾക്ക് കണിശമായ അനുഷ്ടാനക്രമങ്ങളും പെരുമാററരീതികളുമുണ്ടായിരുന്നു. ക്രോധവും അനുരാഗവും പോലുള്ള വികാരങ്ങളും സുഗന്ധവസ്തുക്കളും ആഭരണങ്ങളും വാഹനങ്ങളും പാദരക്ഷകളും ഭൗതികാഹ്ലാദങ്ങളും അവർ പരിത്യജിക്കേണ്ടിയിരുന്നു, വിരൽ ഞൊടിക്കാനോ കോട്ടുവായിടാനോ അവർക്കനുവാദമില്ലായിരുന്നു. ഇങ്ങിനെ വിപുലവും സങ്കീർണ്ണവുമായ അനുശാസനാസങ്കേതങ്ങളുടെയും ശിക്ഷാവിധികളുടെയും ഒരു ശൃംഖലയിലൂടെയാണ് അധികാരവ്യവസ്ഥ നിലനിർത്തപ്പെട്ടിരുന്നത്; 'വിദ്യാഭ്യാസ'വും 'ശിക്ഷ'യും പര്യായപദങ്ങളായിത്തീർന്നത് ഈ സാഹചര്യത്തിൽ സ്വാഭാവികം തന്നെ. ഗുരുഗൃഹമായിരുന്നു മുഖ്യവിദ്യാലയം; വിദ്വൽ സദസുകളും ചർച്ചാപരിഷത്തുകളും പിൽക്കാല വിദ്യാഭ്യാസത്തിൽ പങ്കുവഹിച്ചിരുന്നിരിക്കണം. ജനാധിപത്യവിരുദ്ധവും അശാസ്ത്രീയവും പ്രാകൃതവുമായ ഈ വർണ്ണാധിഷ്ഠിത വിദ്യാഭ്യാസത്തെയാണ് 'മാതൃകാപരമായ വിദ്യാഭ്യാസ'മായി അവതരിപ്പിക്കാൻ ഹൈന്ദവപുനരുത്ഥാന വാദികൾ ശ്രമിക്കുന്നത്. ബുദ്ധകാലഘട്ടത്തിലാണ് വിദ്യാഭ്യാസം അല്പമെങ്കിലും ജനകീയവത്കരിക്കപ്പെട്ടത്. വിഹാരങ്ങളിൽ സരളജീവിതം നയിച്ചിരു ന ഭിക്ഷുക്കളിൽ നാനാജാതിക്കാരും വർഗക്കാരുമുണ്ടായിരുന്നു. ഭിക്ഷുണികളും വിദ്യയഭ്യസിച്ചിരുന്നു. ഭിക്ഷുക്കൾ

നാടെങ്ങും സഞ്ചരിച്ച് ആൾക്കൂട്ടങ്ങളോടു സംവദിക്കുകയും ചെയ്തിരുന്നു. ശാസ്ത്രാഭ്യസനത്തിന് കുറച്ചെങ്കിലും പ്രാധാന്യം ലഭിക്കുന്നത് ഇക്കാലത്താണ്; മുഗൾ കാലഘട്ടമാവുമ്പോഴേയ്ക്കും ശാസ്ത്രാഭ്യസനത്തിന് പ്രാധാന്യം വർദ്ധിച്ചു-യൂറോപ്യൻ ശാസ്ത്രാദ്ധ്യയനത്തിന് കൽക്കത്തയിലെ ഹിന്ദു കോളേജിലും (1817) അലിഗഢിലെ മുസ്ലീം സർവ്വകലാശാലയിലും (1975) കൂടി തുടക്കം കുറിക്കപ്പെട്ടത് പത്തൊമ്പതാം നൂററാണ്ടിൽ മാത്രമാണെങ്കിലും.

## 2

ആധുനിക വർഗ ഭരണ കൂടങ്ങൾ നിലവിൽ വരുന്നതോടെ വിദ്യാഭ്യാസം വർഗവ്യവസ്ഥയുടെ ഒരു പ്രത്യയ ശാസ്ത്ര സ്ഥാപനമെന്ന നിലയിൽ മൂർത്തവും കേന്ദ്രീകൃതവുമായിതീരുന്നു. നിലനിൽക്കുന്ന വർഗബന്ധങ്ങളുടെ ചൂഷണാത്മക സ്വഭാവം മറച്ചു വെച്ച് അവ സ്വാഭാവികമാണെന്ന മട്ടിൽ അംഗീകരിച്ചനുസരിക്കുന്ന 'സമ്മത' (consent) ത്തിന്റേതായ ഒരു സമീപനം വിദ്യാർത്ഥികളിൽ ഉത്പാദിപ്പിക്കുന്നതിലൂടെയാണ് വിദ്യാഭ്യാസം മുതലാളിത്ത പ്രത്യയശാസ്ത്രത്തെ സേവിക്കുന്നത്. സമ്പദ്ശേഖരണത്തിന്നാവശ്യമായ മിച്ചം നിരന്തരം ഉത്പാദിപ്പിക്കപ്പെടുവാനും അത് സ്വത്തുടമാവർഗത്തിന്റെ കൈവശമെത്തുവാനും ഉത്പാദനബന്ധങ്ങൾ മാററമില്ലാതെ പുനഃസൃഷ്ടിക്കപ്പെടണം. ജോലി വിഭജനം, വിജ്ഞാന വിഭജനം, അധികാര വിഭജനം ഇവയിലൂടെയാണ് ഈ ധർമ്മം സമൂഹത്തിലും തൊഴിൽ ശാലയിലും കച്ചേരിയിലും നിർവഹിക്കപ്പെടുന്നത്. മുതലാളിത്ത വിദ്യാഭ്യാസം വ്യക്തിയുടെ സ്വകാര്യ പരിശ്രമത്തെയും മത്സരത്തെയും പ്രോത്സാഹിപ്പിച്ച് വൈയക്തിക നേട്ടത്തിന്റേതായ ഒരു സദാചാരം (ethos)സൃഷ്ടിക്കുന്നു. അദ്ധ്വാനത്തെ ബുദ്ധിശൂന്യവും വിരസവുമായ ആവർത്തക ക്രിയകളായി ശിഥിലീകരിക്കുക, നിഷ്കൃഷ്ടവും, സവിശേഷവുമായ ജ്ഞാനമുത്പാദിപ്പിക്കുന്നതിനുപകരം ഉപഭോഗാത്മകമായ 'സാമാന്യജ്ഞാനം' വിതരണം ചെയ്യുക, അറിവിനെ അധികാരവ്യവസ്ഥയ്ക്ക് പാകമായ രീതിയിൽ വിഭജിക്കുക, നിലനിൽക്കുന്ന ആ വർഗ വർണ്ണ ബന്ധങ്ങളെ 'പ്രകൃതി'യുടെയോ 'വിധിയുടെയോ' ജനാധിപത്യത്തിന്റെയോ ഒക്കെ രൂപങ്ങളിൽ അദൃശ്യമോ നിഗൂഢമോ ആക്കുക, ബൂർഷ്വാസംസ്കാരത്തെ 'സംസ്കാര'മെന്നും ബൂർഷ്വാ ജനാധിപത്യത്തെ 'ജനാധിപത്യ'മെന്നും ബൂർഷ്വാ വിപ്ലവത്തെ 'വിപ്ലവ'മെന്നും ബൂർഷ്വാ വർഗത്തെ 'മനുഷ്യരാശി'യെന്നും വിശേഷിപ്പിച്ചുകൊണ്ട്, സ്വന്തം പേര് ചരിത്രത്തിൽ നിന്നു മായ്ച്ചു കളഞ്ഞ് സ്വന്തം സൃഷ്ടിയായ സാമൂഹ്യാവസ്ഥയെ 'ശാശ്വതമനുഷ്യാവസ്ഥ'യായി പ്രത്യക്ഷപ്പെടുത്തുക, ഭാഷയെ മുഴുവൻ അരാഷ്ട്രീയവത്കരിക്കുക, വ്യത്യസ്തമായൊരു സാമൂഹ്യാക്രമണത്തിന്റെ സ്വപ്നങ്ങളെത്തന്നെ നിശബ്ദമാക്കുക. ഇങ്ങിനെയെല്ലാമാണ് മുതലാളിത്ത വിദ്യാഭ്യാസ രീതി അദ്ധ്യേതാക്കളെ വ്യവസ്ഥിതിയുടെ സേവകരാക്കി മാററുന്നത്. 'ലാഭം' 'പലിശ' തുടങ്ങിയ ചൂഷണഫലങ്ങളെ സ്വാഭാവികമായ സമ്പദ് ശാസ്ത്രങ്ങളായി പഠിച്ചുറപ്പിക്കുകയും, മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും 'ഗുണദോഷ'ങ്ങൾ നിഷ്കളങ്കമായി അക്കമിട്ടുരുവിട്ട് സമ്മിശ്രസമ്പദ്വ്യവസ്ഥയുടെ മേന്മയെക്കുറിച്ച് സ്വയം ബോദ്ധ്യം വരുത്തുകയും ചെയ്യുന്ന സമ്പദ് ശാസ്ത്ര വിദ്യാർത്ഥി ചരിത്രം സൃഷ്ടിക്കുന്നത് ജനങ്ങളാണെന്നും മനുഷ്യചരിത്രം വർഗസമരത്തിന്റെ ചരിത്രമാണെന്നും അതിന്റെ നിർണ്ണായക ഘടകം ഉത്പാദന ബന്ധങ്ങളും അവയിൽ നിന്നുളവാകുന്ന അധികാരവ്യവസ്കളുമാണെന്നും ചരിത്രത്തിന്റെ 'കാലം' കലണ്ടറിൽ കാണുന്ന അനുഭവൈകവാദിയുടെ കാലമല്ല, സൈദ്ധാന്തികമായി ഉത്പാദിപ്പിക്കപ്പെടുന്ന ഒന്നാണെന്നും തിരിച്ചറിയാതെ 'സംഭവ'ങ്ങളും തീയതികളും 'ചരിത്ര സ്രഷ്ടാക്ക'ളായികൊണ്ടാടപ്പെടുന്ന മഹാരഥന്മാരുടെ വീരകൃത്യങ്ങളും മനഃപാഠമാക്കുന്ന ചരിത്രവിദ്യാർത്ഥി, ശാസ്ത്രത്തെ പൊതുവിജ്ഞാനീയത്തിന്റെ ഭാഗമായി പിന്തുടർന്ന് 'സൂത്ര വാക്യ'ങ്ങളും 'കണ്ടുപിടുത്ത'ങ്ങളും 'വസ്തുത'കളും 'പരീക്ഷണ'ങ്ങളും ഓർമ്മയിൽ കുത്തിനിറച്ച് ശാസ്ത്രീയമായ രീതി ഉൾക്കൊള്ളാതെ പൂർവ വിശ്വാസങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ശാസ്ത്ര വിദ്യാർത്ഥിയും 'സാഹിത്യ'മെന്ന സവിശേഷ വ്യവഹാരത്തിന്റെ അർത്ഥോത്പാദന രീതികളും ഓരോ കാലഘട്ടത്തിന്റെയും പ്രത്യയ ശാസ്ത്ര

പരമായ അവബോധവുമായി അതിനുള്ള ബന്ധങ്ങളും സാഹിത്യവ്യാഖ്യാന സ്ഥാപനങ്ങളുടെ രാഷ്ട്രീയ വിവക്ഷകളും കാണാതെ ശുദ്ധ സൗന്ദര്യ വ്യാപാരമായി സാഹിത്യത്തെ തെററിദ്ധരിക്കുന്ന സാഹിത്യ വിദ്യാർത്ഥി: ഇവരെല്ലാം തന്നെ നിലനിൽക്കുന്ന വ്യവസ്ഥിതിയുടെ പുനരുത്പാദനത്തിന് ഉറപ്പുനൽകുന്നവരാണ്.

ബൂർഷ്വാ വിദ്യാഭ്യാസത്തെ ഇങ്ങനെ സാമാന്യമായി മനസിലാക്കുമ്പോൾതന്നെ അതിനകത്തു സംഭവിക്കുന്ന സൂക്ഷ്മ പരിണാമങ്ങളെ നാം സവിശേഷമായി മനസിലാക്കുകയും വേണം. ബൂർഷ്വാ ജനാധിപത്യ വ്യവസ്ഥിതിക്കകത്തു നിന്നുകൊണ്ട് പ്രത്യധിശത്വത്തിന്റേതായ ഒരു ബദൽ വിദ്യാഭ്യാസ പദ്ധതിക്കു വേണ്ടി സമരം ചെയ്യുമ്പോൾ ഇതു പ്രത്യേകിച്ചും പ്രസക്തമാകുന്നുണ്ട്. ഇന്ത്യയിലെ ആധുനിക വിദ്യാഭ്യാസത്തിന്റെ പരിണാമത്തെത്തന്നെ നമുക്ക് ഒരാധാരമാതൃകയായെടുക്കാം. പൊതുവായ ഉന്മുഖത്വം ഒന്നായിരിക്കെത്തന്നെ പല തരത്തിലുള്ള വ്യതിയാനങ്ങൾ (shifts) കഴിഞ്ഞ ഒന്നര നൂററാണ്ടിനിടയ്ക്ക് നമ്മുടെ വിദ്യാഭ്യാസ തത്വങ്ങളിലും പ്രയോഗങ്ങളിലും സംഭവിച്ചിട്ടുണ്ട്. സാമാന്യമായ അനുസ്യൂതിയുടെയും സവിശേഷമായ വിച്ഛേദങ്ങളുടെയുമായ ഈ ചരിത്രത്തെ ഏതാണ്ട് മൂന്നു ഘട്ടങ്ങളായി തിരിക്കാൻ കഴിയും: (1) 1835-ലെ മെക്കോളേയുടെ മിനുട്സ് മുതൽ 1944-ലെ സാർജൻറ് റിപ്പോർട്ടും 1947-ലെ അധികാരക്കൈമാററവും വരെയുള്ള കൊളോണിയൽ ഘട്ടം (2) 1947 മുതൽ 1975-ൽ അടിയന്തിരാവസ്ഥാഘട്ടത്തിൽ വിദ്യാഭ്യാസം കേന്ദ്ര സംസ്ഥാന പൊതു പട്ടികയിൽ പെടുത്തും വരെയുള്ള പോസ്ററ്-കൊളോണിയൽ പ്രഥമഘട്ടം, (3) 1975 മുതൽ ഇന്നോളമുള്ളതും തുടരുന്നതുമായ പോസ്ററ്-കോളോണിയൽ ദ്വിതീയ ഘട്ടം.

1813-ൽ ഈസ്ററിന്ത്യാ കമ്പനിയുടെ നിയമത്തിൽ 43-ാം വകുപ്പായി കൂട്ടിച്ചേർത്ത ഭേദഗതിയോടെയാണ് സാഹിത്യ പുനരുദ്ധാരണത്തിനും വിജ്ഞാന പ്രചാരണത്തിനുമായി അധീനപ്രദേശങ്ങളിൽ വരുന്ന ചെറിയ ചെലവുകൾ സാധുവായ ഭരണച്ചിലവായി അംഗീകരിക്കപ്പെട്ടത്. തോമസ് ബേബിങ്ടൺ മെക്കാളേ 1835-ൽ തയ്യാറാക്കിയ മിനുട്സ് ആയിരുന്നു കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ ആദ്യത്തെ രൂപരേഖ. ആംഗല ഭാഷയുടെ ഉപയോഗവും മഹത്വവും പെരുപ്പിച്ചു കാണിക്കുകയും അറബിയിലും സംസ്കൃതത്തിലും വിജ്ഞാനം മതാത്മകമായതിനാൽ അവയെ പ്രോത്സാഹിപ്പിക്കേണ്ടതില്ലെന്ന് അഭിപ്രായപ്പെടുകയും ചെയ്തശേഷം മെക്കാളേ പറയുന്നു: "ചോരയിലും വർണ്ണത്തിലും ഇന്ത്യക്കാരും അഭിരുചി, അഭിപ്രായം, സദാചാരം, ബുദ്ധി എന്നിവയിൽ ഇംഗ്ലീഷുകാരുമായ ഒരു വർഗം ഇന്ത്യക്കാരെ സൃഷ്ടിച്ചെടുക്കുകയാണ് നമുക്കാവശ്യം. ഇന്ത്യൻ നാട്ടുകാർക്കിടയിൽ യൂറോപ്യൻ സാഹിത്യത്തിന്റെയും സയൻസിന്റെയും പഠനം പ്രോത്സാഹിപ്പിക്കുകയാണ് ബ്രിട്ടീഷ് സർക്കാരിന്റെ മഹത്തായ ലക്ഷ്യം." അതുകൊണ്ട് വിദ്യാഭ്യാസത്തിനു വേണ്ടി നീക്കിവച്ച തുക മുഴുവൻ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി ചെലവിടണമെന്നും മെക്കാളേ നിർദ്ദേശിച്ചു. തുടർന്ന് ഒരു കൊളോണിയൽ ഡിസ്കോഴ്സിന്റെ ഉത്തമമാതൃകയെന്നു വിളിക്കാവുന്ന 'വുഡ്സ് ഡിസ്പാച്ചി'ലൂടെ (1854) വിദ്യാഭ്യാസ ധർമ്മങ്ങൾ വിശദീകരിക്കപ്പെട്ടു. വിദ്യാഭ്യാസം ബുദ്ധിപരമായ കഴിവുകളാർജ്ജിക്കാനെന്നപോലെ വിദ്യാർത്ഥികളിൽ ധാർമ്മിക നിലവാരമുയർത്താനും അങ്ങനെ കമ്പനിയെ വിശ്വസ്തമായി സേവിക്കുന്ന ഒരു ദേശീയ ജനവിഭാഗത്തെ സൃഷ്ടിക്കാനും ഉപകരിക്കും. യൂറോപ്യൻ വിജ്ഞാനം ഇന്ത്യക്കാരെ മൂലധനത്തിന്റെയും അദ്ധ്വാനത്തിന്റെയും വിസ്മയകരമായ ഫലപ്രാപ്തിബോദ്ധ്യപ്പെടുത്തും. ഇത്രയും പറഞ്ഞശേഷം സർ ചാൾസ് വുഡ്സ് തുടരുന്നു: "അവരുടെ നാടിന്റെ വമ്പിച്ച വിഭവങ്ങൾ പ്രയോജനപ്പെടുത്താൻ അവർ നമ്മെ സഹായിക്കും. ക്രമേണ തീർച്ചയായും സമ്പത്തിന്റെയും വ്യാപാരത്തിന്റെയും നേട്ടങ്ങൾ അവർക്കു തന്നെ നേടിക്കൊടുക്കുകയും ചെയ്യും. അതേ സമയം നമ്മുടെ ഉത്പാദനങ്ങൾക്കാവശ്യമായ പല വസ്തുക്കളുടെയും വൻതോതിലുള്ളതും സുനിശ്ചിതവുമായ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യും." ഇങ്ങനെ കൊളോണിയൽ സാമ്പത്തിക ചൂഷണത്തിന്റെ അടിത്തറ നിർമ്മിക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം

ചൂണ്ടിക്കാണിക്കുന്നതോടൊപ്പം, യൂറോപ്പിനെ കേന്ദ്രീകരിച്ചുള്ള കൊളോണിയൽ സാംസ്കാരിക ധാരണകൾ വുഡ്സ് ആവിഷ്കരിക്കുന്നു: "പൂർവ ദേശത്തിലെ അറിവിന്റെ ഭാഗമായ ശാസ്ത്രവും തത്വശാസ്ത്രവും വമ്പിച്ച അബദ്ധങ്ങൾ നിറഞ്ഞതാണ്. ആധുനികങ്ങളായ കണ്ടുപിടുത്തങ്ങളും നേട്ടങ്ങളും വെച്ചുനോക്കുമ്പോൾ പൂർവ ദേശസാഹിത്യം ഏറെ പോരായ്മകളുള്ളതാണെന്നു കാണാം...അതിനാൽ ഇന്ത്യയിൽ പ്രചരിക്കണമെന്നു നാം ആഗ്രഹിക്കുന്ന വിദ്യാഭ്യാസത്തിന് യൂറോപ്പിലെ മെച്ചപ്പെട്ട കല, തത്വശാസ്ത്രം, സാഹിത്യം എന്നിവ പ്രചരിപ്പിക്കുകയെന്ന ഉദ്ദേശ്യം ഉണ്ടായിരിക്കണം." യൂറോപ്യൻ വിജ്ഞാനപ്രചാരണത്തിന് ഇംഗ്ലീഷും നാട്ടുഭാഷയും ചേർന്നുള്ള മാധ്യമങ്ങൾ പ്രയോജനപ്പെടുത്തണമെന്നും, വിദ്യാഭ്യാസച്ചിലവുകൾക്ക് ഉദാരമതികളായ നാട്ടുകാരുടെ സഹായം ഉപയോഗപ്പെടുത്തണമെന്നും, ചിലവ് ചുരുക്കാനായി വിദ്യാഭ്യാസസ്ഥാപനങ്ങൾ ക്രമേണ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊടുക്കുന്ന ദിവസം തങ്ങൾ ഉറ്റു നോക്കുകയാണെന്നും വുഡ്സ് തുടർന്നു പറയുന്നു. സാർവത്രികമായ പ്രാഥമിക വിദ്യാഭ്യാസം, സ്ത്രീവിദ്യാഭ്യാസം മാതൃഭാഷയിലൂടെയുള്ള അദ്ധ്യയനം തുടങ്ങിയവയിലൂന്നുന്ന ഹണ്ടർകമ്മീഷൻ (1882-83) സ്വകാര്യവിദ്യാഭ്യാസ ഏജൻസികളെ പ്രോത്സാഹിപ്പിക്കെത്തന്നെ കുത്തകകളുടെ രൂപീകരണം തടയണമെന്നും അഭിപ്രായപ്പെടുന്നുണ്ട്. വിശാല മനസ്കരും സ്വാശ്രയത്വമുള്ളവരുമായ പൗരന്മാരെ സൃഷ്ടിക്കുന്നതാണാവശ്യമെന്ന് സർ ഫിലിപ്പ്ഹാർടോഗിന്റെ കമ്മിറ്റി (1929) അഭിപ്രായപ്പെടുന്നു. ഇവിടെയെല്ലാം നാം ശ്രദ്ധിക്കുന്ന പ്രധാന വൈരുദ്ധ്യം, ഇന്ത്യക്കാരുടെ പരാശ്രയത്തിനു കാരണക്കാരായ യജമാനന്മാർ തന്നെയാണ് സ്വാശ്രിതത്വത്തെയും വിമോചകമായ വിദ്യാഭ്യാസത്തെയും കുറിച്ച് സംസാരിക്കുന്നത് എന്നതാണ്. പ്രാകൃത ജനതകളെ സംസ്കൃതരാക്കുക തങ്ങളുടെ ചരിത്രനിയോഗമാണെന്ന സാമ്രാജ്യത്വ മിഥ്യാഗർവ്വമാണ് ഈ വൈരുദ്ധ്യത്തിന്റെ ഉറവിടം.

രണ്ടാം സാമ്രാജ്യത്വ യുദ്ധത്തിന്റെ അന്ത്യഘട്ടത്തിൽ യുദ്ധാനന്തര ഭാരതത്തിന്റെ പുനഃസംവിധാനത്തിന്റെ ഭാഗമായി വിദ്യാഭ്യാസത്തെ പഠനവിധേയമാക്കിയ സാർജന്റ് റിപ്പോർട്ട് (1944) ഇന്ത്യാക്കാരനായ ജോഗേന്ദ്രസിങ്ങിന്റെ മേൽനോട്ടത്തിലാണ് തയ്യാറാക്കപ്പെട്ടത്. ഗ്രാമതലവിദ്യാഭ്യാസം, നിർബന്ധവിദ്യാഭ്യാസം, കലാ-സംഗീതപഠനം, പ്രവർത്തനങ്ങളിലൂടെയുള്ള പഠനം, ശാരീരിക-ധൈഷണിക ധാർമ്മിക വികാസം, ഉയർന്ന ഗവേഷണ നിലവാരം, അക്കാദമികവും സാങ്കേതികവുമായ വ്യത്യസ്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോളേജുകളിൽ ട്യൂട്ടോറിയൽ സമ്പ്രദായം ഇവയുടെ ആവശ്യത്തിൽ ഈ റിപ്പോർട്ട് ഊന്നുന്നുണ്ട്. ഹിന്ദിയെ പൊതു ഭാഷയാക്കണമെന്നും, വിദ്യാഭ്യാസ ഭരണത്തിലെ മുഖ്യ ഘടകം സംസ്ഥാന ഗവൺമെന്റാകണമെന്നും, സർവ്വകലാശാലാ ഗ്രാൻറ്സ് കമ്മിററി രൂപീകരിക്കണമെന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു. ഇതിനുമുമ്പുതന്നെ ഗാന്ധിയും ടാഗൂറും മററും കൊളോണിയൽ വിദ്യാഭ്യാസരീതി ഇന്ത്യക്കാരിൽ സൃഷ്ടിക്കുന്ന അന്യവത്കരണത്തെ വിമർശിച്ചിരുന്നു. വിദേശലേലത്തിൽ കുറഞ്ഞ വിലയ്ക്ക് വാങ്ങിയ പൊളിഞ്ഞ ബെഞ്ചിൽ ഇത്രനാൾ വെച്ചുകൊണ്ടിരുന്ന വിദ്യയെ സ്വദേശത്തിന്റെ ഹൃദയവേദിയിൽ പുനഃപ്രതിഷ്ഠിക്കണ'മെന്നും 'ഇംഗ്ലീഷ് പഠിച്ച് ആഭിജാത്യം പ്രാപിച്ചവരുടെ മനസ് ജനങ്ങളുമായി ഇണങ്ങിച്ചേരാതിരിക്കുന്നതാണ് നമ്മുടെ നാട്ടിലെ ഏററവും വലിയ ജാതിഭേദ'മെന്നും വിരസമായ പുസ്തകപഠനം സൃഷ്ടിക്കുന്ന അജീർണ്ണത മാററി പഠനത്തെ സർഗാത്മകവും ആനന്ദകരവുമാക്കണമെന്നും ടാഗൂർ പ്രസ്താവിച്ചിരുന്നു; സ്വന്തമായി സർഗാത്മകവിദ്യാഭ്യാസത്തിന്റെ പരീക്ഷണങ്ങളും നടത്തിയിരുന്നു. ഗാന്ധിയാകട്ടെ മൂർത്തമായൊരു പദ്ധതിക്കു തന്നെ നേതൃത്വം നൽകിയിരുന്നു 1937-ലെ വാർദ്ധാ വിദ്യാഭ്യാസ സമ്മേളനമാണ് ഇതിന് രൂപം നൽകിയത്. ഭൗതിക സാഹചര്യം, സാമൂഹ്യ പരിതസ്ഥിതി, കൈത്തൊഴിൽ എന്നിവയെ കേന്ദ്രസ്ഥാക്കുന്നതും മൂർത്ത പ്രയോഗത്തിലൂടെ ജ്ഞാനം നേടാൻ സഹായിക്കുന്നതും, മാതൃഭാഷയെ മാദ്ധ്യമമാക്കുന്നതും, പൊതുഭാഷാ പഠനം കൂടാതെ പ്രകൃതി പഠനം, സമൂഹപഠനം, കലാപഠനം എന്നിവയിലൂടെ ചുമതലാബോധവും ദേശസ്നേഹവും സാമൂഹ്യ ബോധവും വളർത്തുന്ന

എതിർ ദിശയിലാണ് ഇന്ത്യൻ ഭരണകൂടം നീങ്ങി ക്കൊണ്ടിരിക്കുന്നത്; കേവലം ലാഭനിഷ്ഠമായ മൂലധനവികാസത്തിന്റെയും അതിനു പിന്തു ണ നൽകുന്ന അധികാര കേന്ദ്രീകരണത്തിന്റെ യും ദിശയിലുള്ള ഈ നീക്കവും അത് നേ രിട്ട വൈരുദ്ധ്യങ്ങളും ജനകീയമായ പ്രതി രോധയത്നങ്ങളും 1975-ലെ അടിയന്തിരാവ സ്ഥാപ്രഖ്യാപനത്തിലേയ്ക്കാണ് നയിച്ചത്. അത് വിദ്യാഭ്യാസ രംഗത്ത് ഒരു ദുർദ്ദശയു ടെ നാന്ദിയുമായിരുന്നു.

അടിയന്തിരാവസ്ഥ നൽകിയ വിശേഷാ ധികാരമുപയോഗിച്ചാണ് ഇന്ദിരാ സർക്കാർ കോത്താരിയുടെ ശുപാർശയ്ക്കെതിരായി, വി ദ്യാഭ്യാസത്തെ കൺകറൻറ് ലിസ്ററിൽ പെടു ത്തിയത്. ഇന്ത്യൻ സംസ്ഥാനങ്ങളുടെയും ഭാഷ കളുടെയും വ്യത്യസ്തമായ വികാസാവസ്ഥക ളെ വിഗണിച്ചുകൊണ്ട് വിദ്യാഭ്യാസ പദ്ധതി യിൽ കൃത്രിമമായ ഏകീകരണം നടപ്പിലാക്കാ നും പ്രതിസന്ധിയിലകപ്പെട്ട ബൂർഷ്വാവർ ഗത്തിനനുകൂലമായ രീതിയിൽ വിദ്യാഭ്യാസ ത്തെ ഉടച്ചുവാർക്കാനുമുള്ള ഉപജാപങ്ങൾ ഇ തോടെ ആരംഭിച്ചു. മുൻകാലങ്ങളിലും കമ്മീ ഷൻ റിപ്പോർട്ടുകൾ മുഴുരൂപത്തിലൊന്നും നടപ്പിലാക്കപ്പെടിരുന്നില്ലെങ്കിലും അവയുടെ പൊതുവായ ദിശാബോധത്തോട് ഭരണകൂടം കൂറു പുലർത്തിയിരുന്നു. എന്നാലിപ്പോൾ അത് അധരസേവനം മാത്രമായി, പിന്നീട് അതുതന്നെയും ഉപേക്ഷിക്കപ്പെടുകയും ചെ യ്തു. മഹാരാഷ്ട്രയിലെ സർവ്വകലാശാലാ നിയമം, വിശ്വഭാരതി സർവ്വകലാശാലാ നിയമം ആദിശേഷയ്യാ പോലുള്ള കമ്മീഷനുകളുടെ റി പ്പോർട്ടുകൾ 1981-ലെ പോലീസ് കമ്മീഷൻ റിപ്പോർട്ട്, 'ഹോസ്പിററൽസ് ആൻഡ് അദർ സർവ്വീസസ് ആക്ററ്'; ഇവയെല്ലാം തന്നെ പ്രാദേശികവും ദേശീയവുമായ തലങ്ങ ളിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് ജനാധിപ ത്യാവകാശങ്ങൾക്കും അക്കാദമിക് സ്വാതന്ത്ര്യ ങ്ങൾക്കുംമെതിരായ അരാഷ്ട്രീയവത്കരണ മെന്ന നാട്യത്തിലുള്ള ഉപരിവർഗ രാഷ്ട്രീയ വത്കരണത്തിനു വഴിയൊരുക്കുന്ന നീക്കങ്ങളാ യിരുന്നു. 1985-ൽ പുതിയ മന്ത്രിസഭ അധി കാരമേററതോടെ പ്രതിലോമകരമായ ഒരു സമ ഗ്ര പുനഃസംഘാടനത്തെക്കുറിച്ചുള്ള വിചാരം വ്യാപകമാവുകയും അത് പുത്തൻ വിദ്യാഭ്യാ സനയത്തിന്റെ രൂപീകരണത്തിലെത്തുകയും ചെയ്തു. ''ചരിത്രത്തിൽ ചില നിർണ്ണായക മുഹൂർത്തങ്ങളുണ്ട്, പുതിയ വഴിത്താരകൾ വെട്ടിത്തുറക്കേണ്ടമുഹൂർത്തങ്ങൾ, അതിപ്പോഴാ ണ്'' എന്ന വിപ്ലവകരമെന്നു തോന്നിക്കുന്ന ആമുഖത്തോടെയാണ് അതിന്റെ ആദ്യരേഖ പ്രസിദ്ധീകരിക്കപ്പെട്ടത്. എന്തായിരുന്നു കോത്താരി റിപ്പോർട്ടിനെയും പഴയ ദേശീയ വിദ്യാഭ്യാസ നയത്തെയും അപ്രസക്തമാക്കിയ ആ 'നിർണ്ണായകമുഹൂർത്തം'? ജനവിരുദ്ധവും മൂലധന കേന്ദ്രീകൃതവും സ്വകാര്യ വ്യവസായാധി ഷ്ഠിതവുമായ സാമ്പത്തികാസൂത്രണത്തിന്റെ ഫലമായി ജനങ്ങളുടെ ക്രയശേഷി ശോഷി ച്ചു: നിത്യോപയോഗ സാധനങ്ങൾക്ക് വിപ ണിയില്ലാതായി; വൻ സാങ്കേതിക വിദ്യയുപ യോഗിച്ച് ഉത്പാദനത്തോതുയർത്തിയും കൺ സ്യൂമർ ഉത്പന്നങ്ങളിലേയ്ക്ക് ശ്രദ്ധതിരി ച്ചും ദേശീയ വരേണ്യവിപണിയിലേക്കും അ ന്തർദ്ദേശീയ വിപണിയിലേയ്ക്കും പ്രവേ ശിക്കാതെ ഇന്ത്യൻ മൂലധനത്തിനു നിലവിൽ ക്കാൻ വയ്യെന്നനിലവന്നു. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസത്തിന്റെ സാമ്പത്തിക ഭാരം കഴി യുന്നത്ര സ്വകാര്യ ഏജൻസികളിലേയ്ക്കിറ ക്കിവെച്ചും, വിദ്യാഭ്യാസത്തിനു വില കൂട്ടി യു, പൊതു വിദ്യാഭ്യാസമെന്ന സേവനരംഗ ത്തെ അപ്രധാനമാക്കിയും പുതിയ ഉത്പാദ ന സമ്പ്രദായത്തിനാവശ്യമായ സേവകവിഭാ ഗങ്ങളെ സൃഷ്ടിക്കും വിധം വിദ്യാ ഭ്യാസരംഗം അഴിച്ചുപണിയുവാൻ ഭരണകൂടം നിർബന്ധിക്കപ്പെട്ടു. ജനങ്ങളെ സാക്ഷരരാ ക്കുന്ന ഭാരം കഴിയുന്നത്ര വോളൻററി ഏജൻസി കളെ ഏൽപിക്കുവാൻ തീരുമാനമുണ്ടായി. വിദ്യാഭ്യാസത്തിനായുള്ള നീക്കിയിരിപ്പിൽ ഏറിയ പങ്കും വരേണ്യസ്ഥാപനങ്ങളുടെ നിർ മ്മാണത്തിനാണ് ഇന്ന് ചിലവഴിക്കപ്പെടുന്ന ത്. പുതിയ സാമ്പത്തികനയം, പുതിയ സാങ്കേതികനയം, പുതിയ സാംസ്കാരികനയം എന്നിവയുമായി ബന്ധപ്പെട്ടു തന്നെയാണ് പുതിയ വിദ്യാഭ്യാസനയത്തെയും നാം വിലയി രുത്തേണ്ടത്. സ്വയം തന്നെ ഉയർത്തിപ്പിടിച്ചി രുന്ന സാർവ്വത്രിക സാക്ഷരതയെന്ന ലക്ഷ്യം നിരാകരിച്ചുകൊണ്ട്, വിദ്യാഭ്യാസച്ചെലവുവർ ദ്ധിപ്പിച്ച് വലിയൊരു ജനവിഭാഗത്തെ ഈ മേഖലയിൽ നിന്നു വെട്ടി മാററിക്കൊണ്ട്, സ്വ കാര്യ മേഖലാ വിദ്യാഭ്യാസരംഗത്തെ അഴിമതി

തും, പരീക്ഷയെ സാമൂഹ്യസേവനവും തെഴിൽ പ്രാവീണ്യവുമായി ബന്ധപ്പെടുത്തുന്നതുമായ ഗാന്ധിയൻ രീതിക്ക്, പ്രത്യക്ഷത്തിൽ മാവോ ചൈനയ്ക്ക് നിർദ്ദേശിച്ച രീതിയുമായി ഏറെ സാമ്യമുണ്ട്. എന്നാൽ വിദ്യാഭ്യാസം പൂർണ്ണമായും സ്വകാര്യമേഖലയ്ക്ക വിട്ടുകൊടുക്കണമെന്ന അതിന്റെ നിർദ്ദേശവും വികസനത്തിന്റെ ആവശ്യങ്ങളുമായുള്ള അതിന്റെ പൊരുത്തക്കേടുകളും, വർഗവൈരുദ്ധ്യത്തെയും മൂലധനാധിപത്യത്തെയും കുറിച്ചുള്ള അതിന്റെ അന്ധതകളും ഈ സമ്പ്രദായത്തെ പ്രായോഗികമായി പരിമിതപ്പെടുത്തുന്നു.

ഇങ്ങിനെ കോളോണിയൽ ഘട്ടത്തിൽ തന്നെ വികസിച്ചുവന്ന വിദ്യാഭ്യാസാശയങ്ങളുടെ പശ്ചാത്തലത്തിലാണ് 1948-49 കാലത്ത് ഡോ: എസ്. രാധാകൃഷ്ണൻ ചെയർമാനായ സർവ്വകലാശാലാവിദ്യാഭ്യാസക്കമ്മീഷൻ രൂപം കൊണ്ടത്. ദാരിദ്ര്യം, രോഗം, അജ്ഞത എന്നിവയിൽ നിന്ന് കഴിയുന്നത്ര കുറഞ്ഞ സമയംകൊണ്ടു മോചനം നേടാൻ ശാസ്ത്രീയ-സാങ്കേതികമാർഗങ്ങാം പ്രയോജനപ്പെടുത്താൻ രാജ്യത്തെ സന്നദ്ധമാക്കുന്നതും, ഭൂതകാലത്തോടുള്ള അന്ധമായ ആരാധനകൈവെടിയുന്നതും ബുദ്ധിപരമായ സാഹസികത വളർത്തുന്നതുമായ ഒരു വിദ്യാഭ്യാസ രീതിയാണ് ഈ കമ്മീഷന്റെ റിപ്പോർട്ട് വിഭാവനം ചെയ്തത്. ജനാധിപത്യം, നീതിയുക്തമായ സ്വാതന്ത്ര്യം, പൗരസമത്വം, ഉത്തരവാദിത്തം തുടങ്ങിയ മൂല്യങ്ങളിലധിഷ്ഠിതമായ, വർഗ-വർണ്ണ വ്യത്യാസങ്ങാംക്കതീതമായ സാഹോദര്യം നിർമ്മിക്കുന്ന, സ്ത്രീകാംക്കും ദരിദ്രർക്കും സവിശേഷ പരിഗണന നൽകുന്ന ഒരു രീതി. ജനങ്ങളുടെ സാംസ്കാരികവ്യക്തിത്വം പരിരക്ഷിക്കെത്തന്നെ ലോകപൗരത്വത്തിനും ശിക്ഷണം നൽകുന്ന, പ്രാദേശിക ഭാഷകാം വികസിപ്പിക്കുന്ന, ഇന്ത്യൻ ഭാഷയിൽതന്നെ നൽകപ്പെടുന്ന, കക്ഷിരാഷ്ട്രീയമൊഴിവാക്കി നേതൃത്വ പരിശീലനം നൽകുന്ന ഒരു ഉന്നതവിദ്യാഭ്യാസ സമ്പ്രദായമാണ് കമ്മീഷൻ നിർദ്ദേശിച്ചത്. ഇവിടെ നിന്ന് ഒരു ചുവടുകൂടി വ്യക്തതയിലേയ്ക്ക് മുന്നേറുകയാണ് ഡോ. ഡി.എസ്. കോത്താരിയുടെ റിപ്പോർട്ട് (1966) ചെയ്തത്. അത് 1968-ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ അടിസ്ഥാനപ്രമാണമാവുകയും ചെയ്തു. ഇന്ത്യയുടെ ഭാവി വിദ്യാലയങ്ങളുടെ ക്ലാസുമുറികളിൽവെച്ചു രൂപപ്പെട്ടുവരികാണെന്നും വിദ്യാഭ്യാസം പരിവർത്തനത്തിന്റെ സുശക്തമായ ഒരുപകരണമാണെന്നും ഇതരസാമൂഹ്യപ്രതിഭാസങ്ങളിൽ നിന്നുമാററി നിർത്തി അതിനെ കാണാനാവില്ലെന്നും റിപ്പോർട്ടിന്റെ ആമുഖം പറയുന്നു. ആധുനിക ജനാധിപത്യസമൂഹത്തിനു പററിയ വിധം വിദ്യാഭ്യാസത്തെ മൗലികമായി പുനഃസംവിധാനം ചെയ്യണം. ഇതിന് സാമൂഹ്യവും ദേശീയവുമായ ഉദ്ഗ്രഥനത്തെ ശക്തിപ്പെടുത്തണം; ആധുനികവത്കരണം ത്വരിതപ്പെടുത്തണം; സാമൂഹ്യവും ധാർമ്മികവും ആത്മീയവുമായ മൂല്യങ്ങളിലൂന്നി സ്വഭാവസംസ്കരണം സാധിക്കണം. വിദ്യാഭ്യാസത്തിന്റെയും, സംസ്കാരത്തിന്റെയും മൗലികഘടകമായി ശാസ്ത്രത്തെ അംഗീകരിക്കണം. വിദ്യാഭ്യാസത്തെ തൊഴിലധിഷ്ഠിതമാക്കണം. ശാസ്ത്രസാങ്കേതികവിദ്യാഭ്യാസ ഗവേഷണങ്ങളെ കൃഷിയുമായി സന്ധിക്കണം. ഭാവിയിലാവശ്യമായ മനുഷ്യശക്തിയുടെ തരവും വലിപ്പവും കണക്കിലെടുത്ത് വിദ്യാഭ്യാസരംഗം ആസൂത്രണം ചെയ്യണം. പൊതു വിദ്യാഭ്യാസത്തിന് പൊതു വിദ്യാലയ സമ്പ്രദായം ശക്തമാക്കണം. സാമൂഹ്യസേവനം നിർബന്ധമാക്കണം. ആധുനിക ഭാഷകളെല്ലാം വികസിപ്പിക്കണം. ബന്ധഭാഷയായി ഹിന്ദി പ്രചരിപ്പിക്കണം. അധ്യാപകരുടെ കഴിവുകാം വികസിപ്പിക്കാനുള്ള സാഹചര്യം വിദ്യാലയങ്ങളിൽ ഒരുക്കണം, അവർക്ക് സാധാരണ പൗരന്മാർക്കുള്ള എല്ലാ സ്വാതന്ത്ര്യവും നൽകണം. പിന്നോക്കം നിൽക്കുന്നവരെ-സ്ത്രീകളെയും ദുർബല വിഭാഗങ്ങളെയും-ഉയർത്തിക്കൊണ്ടുവന്ന് അവസരങ്ങാം സമീകരിക്കണം, പ്രാദേശിക ഭാഷകാം അധ്യയന മാദ്ധ്യമമാക്കി ത്രിഭാഷാ പദ്ധതി വികസിപ്പിക്കണം. വിദ്യാഭ്യാസത്തെ കൺകറൻറ് ലിസ്ററിൽ പെടുത്തേണ്ടതില്ല. രണ്ടുപതിററാണ്ടിനകം വിദ്യാഭ്യാസത്തിനുള്ള നീക്കിവെപ്പ് നാലിരട്ടിയായി വർദ്ധിപ്പിക്കണം-ഇങ്ങനെ, ബൂർഷ്വാ വ്യവസ്ഥിതിയെ നിലനിർത്തിക്കൊണ്ട് വിദ്യാഭ്യാസാദർശത്തിന് എത്രയും സ്വതന്ത്രമാകാമോ അത്രയും സ്വതന്ത്രവും പുരോഗമനപരവുമായിരുന്നു കോത്താരി കമ്മീഷൻ റിപ്പോർട്ട്. എന്നാൽ അതിന്റെ ലിബെറൽ സ്വഭാവത്തിന് നേരേ

കയക്ക് പച്ചക്കൊടി കാണിച്ചുകൊണ്ട് സമൂഹത്തെ ധനികരും ദരിദ്രരുമെന്ന രീതിയിൽ കണ്ടിരുന്ന പഴയ സമീപനമുപേക്ഷിച്ച് 'മിടുക്കൻമാരും 'ശരാശരിക്കാരു'മെന്ന രീതിയിൽവിഭജിച്ച് രണ്ടുതരം വിദ്യാഭ്യാസത്തെ ന്യായീകരിച്ചുകൊണ്ട് വിദ്യാഭ്യാസരംഗത്തെ വരേണ്യവത്കരണം പൂർത്തിയാക്കുകയാണ് പുതിയ നയം ചെയ്യുന്നത്. ജ്ഞാനത്തെ ഉപരിവർഗത്തിന്റെ സാമ്പത്തികനിക്ഷേപമാക്കി മാററാനുള്ള നീക്കത്തിന്റെ ഭാഗമായാണ് വിദ്യാഭ്യാസം 'മനുഷ്യവിഭവശേഷി' മന്ത്രാലയത്തിന്റെ കീഴിലാക്കിയത്. ദേശീയമായ പിന്നോക്കാവസ്ഥയെക്കുറിച്ച് സമൂഹത്തിനുള്ള ലജ്ജാബോധം ചൂഷണം ചെയ്തുകൊണ്ടാണ് പുത്തൻ സാങ്കേതിക നയത്തിനാവശ്യമായ ടെക്നോക്രാററുകളെ പാകപ്പെടുത്തുന്ന 'നവോദയ വിദ്യാലയ' സമ്പ്രദായം ആവിഷ്കരിച്ചത്. ഭൂരിപക്ഷത്തിന് അവശ്യവിദ്യാഭ്യാസം നൽകുന്നതിനു പകരം ഒരു ന്യൂനപക്ഷത്തിന് 'ശ്രേഷ്ഠ'മായ, ബാഹ്യസമ്പർക്കമില്ലാത്ത, വിദ്യാഭ്യാസം നൽകുകയാണിതിന്റെ ലക്ഷ്യം. വ്യക്തിയെ ഒരു 'അനർഘദേശീയവിഭവ'മായും വിദ്യാഭ്യാസത്തെ ഒരു 'അനന്യനിക്ഷേപ'മായും കാണുന്ന ഒരു സമീപനത്തിൽ വിദ്യാഭ്യാസലക്ഷ്യം കൂടുതൽ ലാഭമാകാതെ വയ്യല്ലോ. താഴ്ന്നതരം വിദ്യാർത്ഥികളെന്നു കരുതപ്പെടുന്ന ദരിദ്ര പശ്ചാത്തലമുള്ളവരെ തൊഴിലുകളിലേയ്ക്ക് തിരിച്ചുവിട്ടുകൊണ്ട് വിദ്യാർത്ഥികളെ അക്കാദമിക്കും തൊഴിൽപരവുമായ രണ്ടുധാരകളായി തിരിക്കുകയാണ് പുതിയ സംവിധാനത്തിന്റെ ലക്ഷ്യം. ഇന്ത്യൻ മാനേജ്മെൻറ് ഇൻസ്ററിററ്യൂട്ടുകളുടെയും ടെക്നോളജിക്കൽ ഇൻസ്ററിററ്യൂട്ടുകളുടെയും മാതൃകയിലുള്ള പുതിയ വിദഗ്ധ സ്ഥാപനങ്ങൾ, തീർത്തും പാശ്ചാത്യവത്കൃതരായ ഒരു വരേണ്യ ഉദ്യോഗസ്ഥവൃന്ദത്തിനാണു ജൻമം നൽകുക. ബിരുദത്തെ ജോലിയിൽ നിന്നും വേർപെടുത്തി ഉദ്യോഗനിയമനങ്ങൾക്കു പ്രത്യേകപരീക്ഷകളേർപ്പെടുത്തുകവഴി, ഉപരിവർഗ സന്താനങ്ങളെത്തന്നെ ഉദ്യോഗസ്ഥ പ്രഭുവിഭാഗത്തിൽ കുത്തിനിറച്ച് വർഗ്ഗാധീശത്വം പൂർത്തിയാക്കാമെന്ന് ബൂർഷ്വാസി കണക്കുകൂട്ടുന്നു. സർവ്വകലാശാലകളുടെ ഇന്നുള്ള പരിമിതമായ സ്വയംഭരണത്തെപ്പോലും അട്ടിമറിച്ചും, സ്വാതന്ത്ര്യങ്ങൾ തകർത്തും, കലാശാലാ നിയന്ത്രണം പുതിയൊരു ബ്യൂറോക്രസിയുടെ കീഴിലാക്കിയും അവയെ പൂർണ്ണമായും വർഗ്ഗാധീശത്വത്തിൻ കീഴിൽ കൊണ്ടുവരാനും പുതിയ നയം ശ്രമിക്കുന്നു.

ഇന്ത്യൻ ബൂർഷ്വാസി അതിന്റെ പ്രത്യയശാസ്ത്ര രൂപീകരണത്തിന്റെ ഉച്ചഘട്ടത്തിലാണ്. ഇത്ര നാൾ അതുപയോഗിച്ചുവന്ന 'സോഷ്യലിസ'ത്തിന്റെ മറകൾ അത് ഒന്നൊന്നായി നീക്കിവരുന്നു. കൃഷി മുതൽ ക്രിക്കററുവരെ, ഉത്പാദനത്തിന്റെയും സംസ്കാരത്തിന്റെയും വിനോദത്തിന്റെയുമായ സർവ്വരംഗങ്ങളെയും അത് മുതലാളിത്തവത്കരിക്കുകയാണ്. വ്യാവസായികോത്പാദനത്തിന്റെ ഭൗതികമേഖല മുതൽ ദൈനംദിന ജീവിതചര്യയുടെയും ചിന്താരീതിയുടെയും സൂക്ഷ്മമേഖലകളെ വരെ മൂലധനം കയ്യടക്കി വരുന്നു. ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ അസ്വസ്ഥമായ ഇടവേളയിൽ അതിന്നുയർത്തിപ്പിടിക്കേണ്ടിവന്ന മൂല്യങ്ങളുടെ ഭാരം ഇന്ന് ഇന്ത്യൻബൂർഷ്വാസിയെ ഏറെ അലട്ടുന്നില്ല. അതേസമയം സ്വാതന്ത്ര്യസമരപൈതൃകങ്ങളെ മൂലധനസമാഹരണത്തിന് മാന്യതയുള്ളൊരു നിറം നൽകാൻ അതിനെ സഹായിക്കുകയും ചെയ്യുന്നു. ഇത്തരമൊരു സാഹചര്യത്തിലിരുന്നാണ് നാം വിദ്യാഭ്യാസവിമർശനത്തെയും പരിഷ്കരണത്തെയും കുറിച്ച് ചർച്ചചെയ്യുന്നത്.

## 3

നിലനിൽക്കുന്ന വിദ്യാഭ്യാസം പല കാഴ്ചപ്പാടുകളിൽ നിന്നും വിമർശിക്കപ്പെട്ടിട്ടുണ്ട്. ബെർട്രാൻഡ് റസ്സലിനെപ്പോലുള്ള ലിബെറൽ ജനാധിപത്യവാദികൾ അധികാരവ്യവസ്ഥയും വിദ്യാഭ്യാസവുമായുള്ള ബന്ധം കാണുന്നുണ്ട്. എന്നാൽ 'സ്വാതന്ത്ര്യ'ത്തെക്കുറിച്ചുള്ള അമൂർത്തസങ്കല്പം, അധീശത്വവും പ്രത്യാധീശത്വവും തമ്മിലുള്ള സംഘർഷത്തിന്റെ ഒരു മണ്ഡലമായി-ഒരു പ്രത്യയശാസ്ത്രമണ്ഡലമായി-വിദ്യാഭ്യാസത്തെ കാണുന്നതിൽ നിന്ന് അദ്ദേഹത്തെ തടയുന്നു. പ്ളേറേറായുടെ 'ഉട്ടോപ്പിയ' ഉപരിവർഗ്ഗ ധാർമ്മികതയുടേതായിരുന്നെങ്കിൽ, റസ്സലിൻേറത് ഹ്യൂമനിസ്ററ് യുക്തിയുടേതാണ്. വിദ്യാഭ്യാസം സ്വാഭാവികവും പ്രകൃത്യനുസൃതവുമല്ലാത്ത രൂപ

ങ്ങൾ വിദ്യാർത്ഥികളിലടിച്ചേൽപ്പിക്കരുതെന്നു പറയുമ്പോൾ കർത്തൃത്വ നിർമ്മാണത്തിൽ സ്വാഭാവികമെന്നു തോന്നിക്കുന്ന പ്രത്യയശാസ്ത്രങ്ങൾക്കുള്ള സ്വാധീനം അദ്ദേഹം അവഗണിക്കുന്നു. അദ്ധ്യാപകർ 'സത്യ'ത്തെ പിന്തുടരണമെന്നു പറയുമ്പോൾ, 'സത്യ'മെന്നത് പ്രസ്താവങ്ങളുടെ ഉത്പാദനത്തിനും പ്രചാരണത്തിനും പ്രവർത്തനത്തിനും നിയന്ത്രണത്തിനുമുള്ള ക്രമീകൃതനടപടികളുടെ ഒരു വ്യവസ്ഥയാണെന്നും അത് അതിനു ജൻമം നൽകുകയും, നിലനിർത്തുകയും ചെയ്യുന്ന അധികാര വ്യവസ്ഥകളും തിരിച്ച് അതുത്പാദിപ്പിക്കുന്ന അധികാര പ്രതീതികളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹം തിരിച്ചറിയുന്നില്ല. 'സത്യ'ത്തിന്റെ അധികാരത്തെ ഇപ്പോഴത്തെ സാമൂഹ്യ സാമ്പത്തിക-സാംസ്കാരികരംഗങ്ങളിലെ അധീശത്വരൂപങ്ങളിൽ നിന്നും വർഗ്ഗങ്ങളിൽ നിന്നും മോചിപ്പിക്കുന്നതിന്റെ ഭാഗമാണ് വിദ്യാഭ്യാസരംഗത്തെ വിപ്ളവപ്രവർത്തനം. അടിസ്ഥാന ചോദനകളെ അടിച്ചമർത്തിയാൽ അവ ഉള്ളിലേക്ക് പിൻവലിഞ്ഞ് ഇതരമാർഗങ്ങളിലൂടെ പുറത്തു വരുമെന്നും, സാമൂഹ്യവിരുദ്ധമായ വൈകാരികാവസ്ഥകളെ തിരിച്ചറിഞ്ഞ് അഭിലഷണീയ വികാരങ്ങൾ സൃഷ്ടിക്കാൻ വിദ്യാഭ്യാസം ശ്രമിക്കണമെന്നും ഫ്രോയ്ഡിനെ പിന്തുടർന്ന് റസ്സൽ താക്കീതു നൽകുന്നു. സാമൂഹ്യമായ അസമത്വത്തെ വിദ്യാഭ്യാസം ഉദാത്തീകരിക്കുന്നുവെന്നും, വലിയ ക്ലാസുമുറികളും മത്സരോൻമുഖസദാചാരവും അസന്തുലിതമായ സമ്പദ്ഘടനയുടെ പ്രതിഫലനങ്ങളാണെന്ന് അദ്ദേഹം കാണുന്നുണ്ട്. മുരടൻ വിശ്വാസങ്ങൾക്കുപകരം സർഗ്ഗാത്മകമായ സംശയങ്ങൾ വളർത്തുന്ന വിദ്യാഭ്യാസം പദവി നേടാനുള്ള ഉപാധിയാകരുത്, വിദ്യാർത്ഥികളിൽ സങ്കുചിത ദേശാഭിമാനം വളർത്തരുത്-റസ്സൽ പറയുന്നു. സ്വകാര്യസ്വത്തിനെ കുറിച്ച് തൊഴിലാളികളും ലൈംഗികതയെക്കുറിച്ച് യുവജനങ്ങളും യുദ്ധത്തെക്കുറിച്ച് സൈനികരും സ്വതന്ത്രമായി ചിന്തിക്കാനാരംഭിച്ചാൽ സ്വന്തം സമ്പത്തും സദാചാരശാസ്ത്രവും സേനാബലവുമെല്ലാം എവിടെച്ചെന്നെത്തുമെന്ന് ഊഹിക്കാൻപോലും കഴിയാത്ത അധികാരികൾ പഴമയെ നിലനിർത്താനാഗ്രഹിക്കുന്നതു സ്വാഭാവികമാണ്. ന്യൂനപക്ഷത്തിലൊതുങ്ങിനിന്ന പഴയ ചൈനീസ് സംസ്കാരത്തിന്റെയും അടിമത്തത്തിലാണ്ടിരുന്ന പഴയ ഗ്രീക്ക് സംസ്കാരത്തിന്റെയും ദേശാഭിമാനം വളർത്തി പ്രജകളെ ഭരണകൂടത്തിന്റെ ഇരകളാക്കുന്ന നവീനജാപ്പനീസ് സമൂഹത്തിന്റെയും വിദ്യാഭ്യാസമാതൃകകൾ ആധുനിക സ്വതന്ത്രസമൂഹത്തിനു ചേർന്നതല്ലെന്ന് റസ്സൽ കരുതുന്നു. വിദ്യാഭ്യാസം മതത്തിന്റെയും ഭരണകൂടത്തിന്റെയും കക്ഷിരാഷ്ട്രീയത്തിന്റെയും ദേശാരാധനയുടെയും വരുതിയിലാകരുതെന്നും അദ്ധ്യാപകർ പ്രചാരകരോ, ചെടികളെല്ലാം ഒപ്പം വെട്ടി പാകമാക്കുന്ന തോട്ടക്കാരോ ആയിക്കൂടെന്നും, ധൈഷണികസ്വാതന്ത്ര്യവും ജ്ഞാനാസക്തിയുമാണവർക്ക് വേണ്ടതെന്നും റസ്സൽ അഭിപ്രായപ്പെടുന്നു. റസ്സലിന്റെ വിദ്യാഭ്യാസവിചാരങ്ങളുടെ മുഖ്യ പരിമിതി അദ്ദേഹത്തിന്റെ പൊതുവായ ദർശനത്തിന്റെ ഉട്ടോപ്യൻസ്വഭാവം തന്നെയാണ്. സാങ്കല്പികമായ ഒരാദർശ സമൂഹത്തിനകത്തുനിന്നുള്ള വ്യവഹാരമാണത്; ഒരു പക്ഷെ ഇനിയും നിലവിൽവന്നിട്ടില്ലാത്ത ഒരു കമ്യൂണിസ്റ്റ് സമൂഹത്തെ സംബന്ധിച്ച് പ്രയോജനകരമാകാവുന്ന ഇത്തരം നിരീക്ഷണങ്ങൾ ഐൻസ്റ്റൈനും നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസം സത്യത്തിനും ജ്ഞാനത്തിനും വേണ്ടിയുള്ള ആഗ്രഹമുണർത്തുകയും ആനന്ദത്തിലും സംതൃപ്തിയിലും കൂടി പഠിപ്പിക്കുകയും വേണമെന്നും ഭയവും ശക്തിയും അധികാരവുമുപയോഗിക്കരുതെന്നും ഐൻസ്റ്റൈൻ പറയുന്നു. സമുദായ സേവനത്തെ ജീവിതലക്ഷ്യമായികരുതുന്ന സ്വതന്ത്രവ്യക്തികളെ ഉത്പാദിപ്പിക്കുവാൻ വിദ്യാഭ്യാസത്തിനു കഴിയണം. മരുഭൂമിയിലെ മണലിൽ പുതഞ്ഞുപോകുന്ന ജ്ഞാനത്തിന്റെ വെണ്ണക്കൽ പ്രതിമയെ സേവനത്തിന്റെ കൈകൾകൊണ്ട് മണ്ണുമാററി എന്നും തിളക്കമുള്ളതാക്കി പുതുക്കി നിർത്തുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. അറിവ് മൃതവും മനുഷ്യൻ ജീവനുള്ളവരുമാകയാൽ പൊതുജനക്ഷേമത്തിനുതകുന്ന സമീപനത്തിനാണ് വെറും വിവരങ്ങളെക്കാൾ ഊന്നൽ നൽകേണ്ടത്. സഹജീവികളിൽനിന്ന് ഏറെ വാങ്ങുകയും കുറച്ചുമാത്രം കൊടുക്കുകയും ചെയ്യുന്ന പൗരൻമാരെ 'ജീവിതവിജയ'ത്തിന്റെ മാതൃകകളായിക്കാണുന്ന സ്വാർത്ഥാധിഷ്ഠിതമായ ധാർമ്മികത തകരണം. മാംസപേശികളെയും ശരീരശക്തി

യെയും അഭ്യാസങ്ങളിൽ പരിശീലിപ്പിച്ച ഒരാൾക്ക് ഏതു കായികാദ്ധ്വാനവും ചെയ്യാനാവും! ഇതുപോലെ മനസ്സിനെ പരിശീലിപ്പിക്കലാണു വിദ്യാഭ്യാസം. പഠിച്ചതൊക്കെ മറന്നുകഴിഞ്ഞിട്ടും ബാക്കിയാവുന്നതെന്തോ, അതാണ് വിദ്യാഭ്യാസം.

ആധുനിക വിദ്യാഭ്യാസ വിമർശകരിൽ ഏറെ സ്വാധീനം ചെലുത്തിയിട്ടുള്ളവരാണ് ഇവാൻ ഇല്ലിച്ച്, പൗലോഫ്രെയർ എന്നിവർ. കച്ചേരികളും ആശുപത്രികളും തിരസ്കരിക്കുവാനുള്ള തന്റെ വാദത്തിന്റെ തുടർച്ചയായാണ് ഇല്ലിച്ച് 'പാഠശാലാതിരസ്കാര'മെന്ന ആശയം മുന്നോട്ടു വെയ്ക്കുന്നത്. ഇന്നത്തെ ഔപചാരിക വിദ്യാഭ്യാസം ഉപഭോഗ സംസ്കാരത്തിന്റെ പ്രചാരണോപാധിയാണ്. അത് വിദ്യാഭ്യാസനിലവാരവുമായി ബന്ധപ്പെട്ട ഒരു അന്താരാഷ്ട്ര ജാതി സമ്പ്രദായം സൃഷ്ടിക്കുന്നു. വികസിത രാഷ്ട്രങ്ങൾക്കുപോലും വിദ്യാഭ്യാസച്ചിലവുകൾ ഭാരമാവുന്നു. അവസരസമത്വം നൽകുന്നതിനുപകരം അത് അവസരവിതരണത്തിനുമേൽ കുത്തക ഏർപ്പെടുത്തുന്നു. ആളുകൾ അറിവിന്റെ ഭൂരിഭാഗവും ആർജ്ജിക്കുന്നത് സ്ക്കൂളിനു വെളിയിൽ നിന്നാണ്; ഔപചാരിക വിദ്യാഭ്യാസത്തിന് ചിലവാക്കപ്പെടുന്ന ധനവും സമയവും ഊർജ്ജവും അതു നൽകുന്ന ഫലവുമായി പൊരുത്തപ്പെടുന്നില്ല. ബാല്യ-കൗമാരങ്ങളെ അത് സ്കൂളധികൃതരുടെ കുത്തകാധികാരത്തിന് അടിയറ വെയ്ക്കുന്നു. ബാഹ്യലോക നിരീക്ഷണത്തിലൂടെ നേടാൻ കഴിയുന്ന അറിവിന്റെ ചെറിയൊരംശം പോലും സ്ക്കൂളുകൾക്ക് നൽകാനാവുന്നില്ല. അധ്യാപകർക്ക് ജോലിനൽകാൻ മാത്രമേ അവ ഉതകുന്നുള്ളൂ. അധ്യാപകരെ അവ മാർഗ നിർദേശകരും ഉപദേശകരും ചികിത്സകരും എന്ന നിലയിലേയ്ക്കുയർത്തുന്നു, മദ്ധ്യയുഗങ്ങളിലെ പോപ്പിനെപ്പോലുള്ള അധികാരം അവർക്കു നൽകുന്നു. ക്ലാസ്മുറി കുട്ടികളെ നിത്യജീവിതാനുഭവത്തിൽ നിന്ന് അകറ്റുന്നു, കമ്പോള സംസ്കാരത്തിന്റെ താത്പര്യം സംരക്ഷിക്കുന്നു. ഓരോ ബിരുദധാരിയും തന്റെ നെറ്റിയിൽ ഒരു വില വിവരപ്പട്ടിക കൂടി ധരിക്കുന്നു. സർവ്വകലാശാലാ വിദ്യാഭ്യാസം ലഭിച്ചവർ ഒരു പുതിയ ജീവിതനിലവാരം കൂടി സൃഷ്ടിക്കുന്നു. വിദ്യാലയങ്ങൾ മൂല്യങ്ങളെ സ്ഥാപനവത്കരിക്കുന്നു, അളന്നു തിട്ടപ്പെടുത്താനാകാത്ത അനുഭവങ്ങളെ അവഗണിക്കുന്നു. അവ സാമൂഹ്യ മിഥ്യകൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. വ്യക്തികളിൽ അന്യവത്കരണം സൃഷ്ടിക്കുന്നു. സ്ക്കൂളുകൾ പഴയ സഭയുടെ ധർമ്മമാണ് അനുഷ്ടിക്കുന്നത്, അവ ഒരു പുതിയ മതം സൃഷ്ടിക്കുന്നു സാമൂഹ്യ തത്വങ്ങളും സാമൂഹ്യ രൂപങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ ഒളിച്ചു വെയ്ക്കാൻ സഹായിക്കുന്നു, വിപ്ലവകാരികളെ മുളയിലേ കൊന്നുകളയുന്നു. അറിവിനെ നിശ്ചിത സ്ഥലത്തും സമയത്തും 'പ്രൊഫെഷന'ലുകളിൽ നിന്നു വാങ്ങാവുന്ന ഒരു വസ്തുവോ സ്വത്തോ ആക്കിമാററുന്നു: ഇക്കാരണങ്ങളാൽ സ്ക്കൂളുകൾ പരിഷ്കരിക്കയല്ല, തിരസ്കരിക്കയാണ് വേണ്ടത്. ഇതത്രേ ഇല്ലിച്ചിന്റെ മതം. ജോൺ ഹോൾട്ട്, എവറെററ് റീമർ തുടങ്ങിയ ചിന്തകരും ഈ 'ഡീ- സ്ക്കൂളിങ്ങി'നെ പിൻതുണയ്ക്കുന്നു. മററു മേഖലകളിലെന്ന പോലെ ഇവിടെയും ഇല്ലിച്ച് മദ്ധ്യയുഗത്തെയാണ് മാതൃകയായിക്കാണുന്നത്. അക്കാലത്ത് പണ്ഡിതന്മാർ ദരിദ്രരായിരുന്നുവെന്നും സംവാദാത്മകമായ ഒരു വിമോചിത മേഖലയായിരുന്നു അക്കാലത്തെ സർവ്വകലാശാലകളെന്നും അദ്ദേഹം പറയുന്നു. ഇത് ഇല്ലിച്ചിന്റെ മദ്ധ്യകാല ഗൃഹാതുരത്വം സൃഷ്ടിച്ച ഒരു മിഥ്യ മാത്രമാണെന്നു പറയാതെ വയ്യ. ഇല്ലിച്ചിന്റെ പല വിമർശനങ്ങളും അർത്ഥവത്തായിരിക്കെത്തന്നെ 'പാഠശാലാ തിരസ്കാര'മെന്ന ആശയം നമ്മുടേതുപോലുള്ള നാടുകളിൽ അപ്രായോഗികം മാത്രമല്ല, അപകടകരവുമാണ്. ദരിദ്ര വിഭാഗങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ കൂടി ഇല്ലാതാവുകയും മുതലാളിത്തം സാധാരണക്കാർക്ക് അപ്രാപ്യമായ വരേണ്യ വിദ്യാ കേന്ദ്രങ്ങൾ പടുത്തുയർത്തുകയുമായിരിക്കും അതിന്റെ ഫലം. ജനങ്ങൾക്ക് ജ്ഞാനസമ്പാദനത്തിന് സ്വകാര്യസ്വത്തിന്റെ പ്രത്യയ ശാസ്ത്ര വിതരണം നിർവ്വഹിക്കുന്ന പത്രങ്ങളേയും ഭരണകൂട മാദ്ധ്യമങ്ങളെയും കൂടുതലായി ആശ്രയിക്കേണ്ടി വരികയും.

പൗലോഫ്രെയറുടെ 'പീഡിതരുടെ ബോധനശാസ്ത്രം', മൂന്നാം ലോകരാജ്യങ്ങളിലെ അപമാനവീകരണത്തിന്റെ സാഹചര്യങ്ങളെ എങ്ങിനെ മറികടക്കാമെന്നാണ് ആലോചിക്കുന്നത്.

അദ്ധ്യാപകൻ ആഖ്യാതാവായുള്ള ഇന്നത്തെ ബോധരീതി, ആഖ്യാനവിഷയം യാന്ത്രികമായി ഓർമ്മിക്കാനാണ് വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നത്. വ്യവസ്ഥാപിതമൂല്യങ്ങളെ സാധൂകരിക്കുന്ന 'വിജ്ഞാനം' മുൻകൂട്ടി തയ്യാറാക്കി വിദ്യാർത്ഥികളിൽ നിക്ഷേപിക്കുന്ന ഇന്നത്തെ രീതിയെ പൗലോഫ്രെയർ 'ബാങ്കിങ് വിദ്യാഭ്യാസം' എന്നു വിളിക്കുന്നു. ക്ലാസുമുറി വർഗസമൂഹത്തിലെ അധീശത്വ-വിധേയത്വ ബന്ധത്തെ പ്രതിഫലിപ്പിക്കുന്നു. 'പഠിപ്പിക്കുന്ന' അദ്ധ്യാപകൻ-പഠിപ്പിക്കലിനു വിധേയനാകുന്ന വിദ്യാർത്ഥി; 'ചിന്തിക്കുന്ന' അദ്ധ്യാപകൻ-ചിന്താവിഷയംമാത്രമാകുന്ന വിദ്യാർത്ഥി; സംസാരിക്കുന്ന അദ്ധ്യാപകൻ-കേട്ടിരിക്കുന്ന വിദ്യാർത്ഥി; തിരഞ്ഞെടുപ്പു നടത്തുന്ന അദ്ധ്യാപകൻ-'സമ്മതം' നൽകുന്ന വിദ്യാർത്ഥി; അധികാരിയായ അദ്ധ്യാപകൻ-അധികാരശൂന്യനായ വിദ്യാർത്ഥി: പിതൃപ്രധാനമായ കുടുംബവ്യവസ്ഥയുടെ ഒരു തുടർച്ചയാണ് ക്ലാസുമുറിയിലുള്ളത്. ഈ അദ്ധ്യാപന രീതി ഒരു സാംസ്കാരികാക്രമണമാണ്. അതിന് വാക്കുകളുടെ മുഴക്കമേയുള്ളു, പരിവർത്തനം വരുത്താനുള്ള ശക്തിയില്ല. ഇവിടെ സംവാദമോ, സഹകരണമോ, ആദാന-പ്രദാനമോ ഇല്ല. താൻ ലോകത്തോടൊപ്പമാണെന്ന ബോധം ഇത് വിദ്യാർത്ഥിയിൽ ജനിപ്പിക്കുന്നില്ല. അവൻ വെറും നിരീക്ഷകനോ നിക്ഷേപപാത്രമോ മാത്രമാണ്, സൃഷ്ടികർത്താവാകുന്നില്ല. വിദ്യാർത്ഥിയെ ചിന്തിപ്പിക്കാനല്ല, ചിന്തിപ്പിക്കാതിരിക്കാനാണ് അദ്ധ്യാപകന്റെ ശ്രമം. തൊഴിൽപരമായ തന്റെ പ്രാമാണ്യത്തെ, വിജ്ഞാനത്തിലുള്ള തന്റെ ആധികാരികതയാക്കിക്കാണിച്ച് വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യത്തെ അയാൾ തടയുന്നു. ഇതിനുപകരം വളർന്നുവരേണ്ടത് വിമോചകമായ, സംവാദോന്മുഖമായ, കൂട്ടായ പ്രശ്ന പരിഹാരത്തിലൂന്നുന്ന സമ്പ്രദായമാണ്. അദ്ധ്യാപകൻ വിദ്യാർത്ഥികൾക്കിടയിലെ വിദ്യാർത്ഥിയാകണം. ഇവിടെ ആരും ആരെയും പഠിപ്പിക്കുന്നില്ല, എല്ലാവരും അന്യോന്യം പഠിക്കുന്നു. ജ്ഞാനത്തെ സ്വകാര്യ സ്വത്തായിക്കാണുന്നതിനുപകരം, പ്രശ്നമുന്നയിക്കുന്ന,സംവാദോന്മുഖ വിദ്യാഭ്യാസം (problem-posing, dialogical education) ജ്ഞാനത്തെ ഒരു ചിന്താവിഷയമാക്കി അതിന്റെ ശരി-തെററുകൾ തേടുന്നു. യാഥാർത്ഥ്യത്തോട് വിമർശനാത്മകമായി പ്രതികരിക്കാൻ അത് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു. ലോകം നിഗൂഢമല്ലാതാവുന്നതോടെ പീഡിതർ സ്വന്തം ശക്തി തിരിച്ചറിയുന്നു, ചരിത്രവും സംസ്കാരവും തങ്ങൾ സൃഷ്ടിച്ചതാണെന്നറിയുന്നു, വിപ്ലവത്തിനു സജ്ജരാകുന്നു. പൊതുവേ കൊളോണിയൽ സാഹചര്യങ്ങളാണ് ഫ്രെയറുടെ പ്രതിപാദനങ്ങളിൽ പ്രതിഫലിക്കുന്നത്. അസ്തിത്വവാദാത്മകമായ ദൈവശാസ്ത്രത്തിന്റെ (existential theology) 'സാക്ഷ്യം' (witness) 'സദാത്മക നിയോഗം' (ontological vocation) തുടങ്ങിയ മതാത്മകസങ്കല്പങ്ങൾ അദ്ദേഹം മാർക്സിസ്ററു പരികല്പനകൾക്കൊപ്പം ഉപയോഗിക്കുന്നുണ്ട്. എങ്കിലും സമാന്തരമായ ജനകീയ വിദ്യാഭ്യാസം രൂപപ്പെടുത്തുന്നതിലും വിദ്യാഭ്യാസ' വിമർശനത്തിലും ഫ്രെയറിന്റെ കണ്ടെത്തലുകൾക്ക് സ്ഥാനമുണ്ട്.

ഇന്നത്തെ പരീക്ഷാസമ്പ്രദായം ഇന്നത്തെ വിദ്യാഭ്യാസരീതിയുടെ ഒരു സ്വാഭാവികോത്പന്നമാണ്. അദ്ധ്യേതാവിന്റെ ജീവിതപരിചയത്തിനും പ്രായോഗികജ്ഞാനത്തിനും സർഗാത്മകതയ്ക്കും അതിലിടമില്ല. വിദ്യാർത്ഥികളുടെ കലാവാസനകളും ശാസ്ത്രനൈപുണ്യങ്ങളും വായനാശീലവും പരീക്ഷിക്കപ്പെടുന്നുമില്ല. ഓർമ്മമാത്രം പരീക്ഷിക്കുന്ന ഈ സമ്പ്രദായം പരീക്ഷിതരിൽ ഉളവാക്കുന്ന ഉത്കണ്ഠാരോഗങ്ങളെക്കുറിച്ച് ഫ്രെഞ്ച് വിദ്യാഭ്യാസ മനഃശാസ്ത്രജ്ഞനായ സാമുവൽ പെറോങ് പഠനം നടത്തിയിട്ടുണ്ട്. പഠനസാഹചര്യങ്ങളും ബുദ്ധിപരമായ പശ്ചാത്തലവും അസമമായ ഇന്ത്യയെപ്പോലുള്ള നാടുകളിൽ ഉദ്യോഗസ്ഥനിരയിൽ വരേണ്യവർഗമേൽക്കോയ്മ നിലനിർത്തുവാനാണ് പൊതുവേ പരീക്ഷകൾ സഹായിക്കുന്നത്. പരീക്ഷകളുൾപ്പെടെയുള്ള വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ഒരു വിമർശനം വികസിപ്പിക്കുവാൻ അറുപതുകളിലെ കലാപത്തിന്റെ നാളുകളിൽ ഫ്രെഞ്ചു വിദ്യാർത്ഥികൾ ശ്രമിക്കുകയുണ്ടായി. വിദ്യാർത്ഥികൾ സ്വയം ഒരു പീഡിതവർഗമാണെന്നും അവർ എന്തു പഠിക്കണമെന്ന് അവർക്കുതന്നെയാണ് അറിയുക എന്നും, പഠിപ്പിക്കുന്നതെന്താണെന്നല്ല പഠിപ്പിക്കുന്നത് എങ്ങനെയാണെന്നതാണ് പ്രധാനമെന്നുമുള്ള ആശയങ്ങളാണ്

സ്റ്റുഡന്റ് പവറി'ന്റെ വക്താക്കൾ മുന്നോട്ടു വച്ചത്. സാർത്ര്, ഹെർബർട്ട് മാർക്യൂസ്, ഡാനിയെൽ കോഹെൻബൻഡിററ്, മിഷേൽ ഫൂക്കോ തുടങ്ങിയ ഇടതുപക്ഷ ചിന്തകർ വിദ്യാർത്ഥികളുടെ ഈ സ്വാഛന്ദ്യവാദത്തെ പിൻതാങ്ങുകയുണ്ടായി. തൊഴിലാളി വർഗത്തോട് തികച്ചും അനുഭാവം പുലർത്തുന്ന സമീപനമായിരുന്നു ഇവരുടേത്. അതേ സമയം വിദ്യാർത്ഥികൾ സ്വയം ഒരു വിപ്ലവവർഗമാണെന്ന ധാരണ ഇവർക്കുണ്ടായിരുന്നു. വിപ്ളവത്തെ വിഭിന്ന മേഖലകളിലെ അധികാരപ്രയോഗങ്ങൾക്കെതിരായ വികേന്ദ്രീകൃതമായ സൂക്ഷ്മസമരങ്ങളുടെ ഒരു ശൃംഖലയായി ദർശിക്കുന്ന ഒരു കാഴ്ചപ്പാട് '68-ലെ കലാപത്തിനു പിറകിലുണ്ടായിരുന്നു. ഇന്ത്യൻ സാഹചര്യങ്ങളിൽ 'ഭരണകൂട'മെന്ന സങ്കല്പത്തെ ഒഴിച്ചുനിർത്തുന്ന സമരങ്ങൾക്ക് താത്കാലിക പ്രസക്തിയുണ്ടായേക്കാമെങ്കിലും അവയ്ക്കൊരിക്കലും വ്യവസ്ഥയുടെ ഒരു സമൂലപരിവർത്തനത്തിലേക്കു നയിക്കാനാവില്ല. യഥാർത്ഥ ഉത്പാദകരുടെ നേതൃത്വത്തിൽ ഉത്പാദനോപാധികൾ കയ്യടക്കിവെച്ചിരിക്കുന്ന വർഗത്തിനെതിരായി നടക്കുന്ന സ്ഥൂലസമരത്തിനുമാത്രമേ ഉത്പാദനബന്ധങ്ങളെ അഴിച്ചുപണിയാനും എല്ലാ ജീവിതമണ്ഡലങ്ങളെയും ജനകീയ വീക്ഷണത്തിൽ നവീകരിക്കാനും കഴിയുകയുള്ളു. വിദ്യാർത്ഥികളെ 'സ്വതന്ത്ര'രായി വിടുക എന്നാലർത്ഥം, സമൂഹത്തിൽ നിഷ്കളങ്കരൂപങ്ങളിൽ പ്രചരിക്കുന്ന പ്രതിലോമധാരണകളെയും സംസ്കാരത്തെയും അവർ സ്വാംശീകരിക്കുക എന്നുതന്നെയായിരിക്കും. അവ ശത്രുവർഗത്തിന്റേതാണെന്ന തിരിച്ചറിവ് ഉത്പാദനത്തിന്റെ മേഖലയിൽ തന്നെയാണ് ആദ്യമായുണ്ടാവുന്നത്. വിദ്യാർത്ഥികൾ പല വർഗങ്ങളിൽ നിന്നു വന്ന് താല്കാലികമായി ഒത്തുകൂടുകയും വീണ്ടും പലവർഗങ്ങളുടെ സേവനത്തിലേക്കു പോവുകയും ചെയ്യുന്നവരാണ്. ഒരു 'വർഗ'മെന്ന നിലയിൽ അവർക്ക് ഒരു സ്ഥിരസ്വഭാവമില്ല. വിരുദ്ധ രാഷ്ട്രീയ വീക്ഷണങ്ങൾ അവർക്കിടയിൽ ഏററുമുട്ടിക്കൊണ്ടിരിക്കുന്നു. കുടുംബവും കച്ചേരിയും മാദ്ധ്യമങ്ങളും മററും അവരെ വ്യവസ്ഥാപിത മൂല്യങ്ങളിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു. തൊഴിലാളിവർഗ രാഷ്ട്രീയവുമായി തന്മയീഭവിച്ചുകൊണ്ടു മാത്രമേ അവർക്ക് ചൂഷകവർഗത്തിന്റെ അധീശത്വത്തെ സഫലവും സമഗ്രവുമായി ചെറുക്കുവാൻ കഴിയൂ. വിപ്ലവം ഒരു ഭാഗികകലാപമല്ല. ചരിത്രപരമായ ഭൗതികവാദത്തിന്റെ അടിസ്ഥാനത്തിൽ വിപ്ലവവർഗങ്ങളെ സംഘടിപ്പിച്ചു ബോധവത്കരിച്ച് പഴയ സാമൂഹ്യബന്ധങ്ങളെ പുതിയ സാമൂഹ്യബന്ധങ്ങളിലേക്കു പരിവർത്തനം ചെയ്യുന്ന, ശാസ്ത്രീയമായ, അച്ചടക്കമാവശ്യമുള്ള ഒരു രാഷ്ട്രീയ പ്രയോഗമാണത്, ഒരു ഉത്പാദനമാണത്. നിലനിൽക്കുന്ന സമൂഹത്തെക്കുറിച്ച് വസ്തുനിഷ്ഠധാരണയില്ലാതെ ആരംഭിക്കുന്ന 'കലാപം' നൈരാശ്യത്തിലേയ്ക്കേ നയിക്കൂ എന്നതിന് ഫ്രാൻസിലെ വിദ്യാർത്ഥി കലാപത്തിന്റെ പരാജയം തന്നെ ഒരു ദാഹരണമായിരുന്നുവല്ലോ. വിദ്യാർത്ഥികളുടെ വൈകാരികാവശ്യങ്ങളിൽ മാത്രം ഊന്നിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഏകപക്ഷീയമായിരിക്കും. വിദ്യാർത്ഥികൾക്ക് ചില അനുഭവങ്ങളും 'ജീവിതശൈലി'കളും തുറന്നുകൊടുക്കുക മാത്രംചെയ്യുന്ന അദ്ധ്യാപന സമ്പ്രദായം പ്രവർത്തനക്ഷമമല്ല. ഏതൊരുതരം പഠനത്തിനും ഗവേഷണത്തിനും ധൈഷണികമായ അച്ചടക്കവും, രീതിശാസ്ത്രപരമായ ഒരു ക്രമവും കഠിനമായ പരിശ്രമവും അനിവാര്യമാണ്. ഘടനയുടെ അഭാവത്തിൽ ജീവിതം തന്നെ അസാദ്ധ്യമാണ്; വിദ്യാഭ്യാസത്തിനും ഒരു ഘടന കൂടിയേ തീരൂ. പഠനമാരംഭിക്കുന്ന വിദ്യാർത്ഥികൾക്ക് തങ്ങൾ പഠിക്കേണ്ടതെന്താണെന്നതിനെക്കുറിച്ച് വ്യക്തമായ ഒരു ധാരണയുണ്ടാകുമെന്ന് കരുതുന്നതും ശരിയല്ല. നമ്മുടേതു പോലുള്ള ബൂർഷ്വാ അധീശത്വസമൂഹങ്ങളിൽ അന്തരീക്ഷത്തിലെ മത്സരോന്മുഖവും ലാഭോന്മുഖവുമായ ഉപരിവർഗ സമീപനങ്ങൾ വിദ്യാർത്ഥികൾ പ്രതിഫലിപ്പിക്കുക സ്വാഭാവികമാണ്. വിദ്യാർത്ഥികളെ ഫലവത്തായ അധ്യയന സന്ദർഭങ്ങളിലേയ്ക്ക് നയിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ഒരുപ്രധാന ധർമ്മം. വിദ്യാർത്ഥികൾ അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങളെ സൈദ്ധാന്തികമായ ഒരവബോധമായി ഉയർത്തുക, ലോകചരിത്രത്തിന്റെ സാംസ്കാരിക പൈതൃകത്തെ മുഴുവൻ വിമർശനാത്മകമായി സ്വാംശീകരിക്കുവാൻ അവരെ പര്യാപ്തരാക്കുക, രാഷ്ട്രീയമായി നിഷ്ക്രിയരായ ഇരകളും സാക്ഷികളുമാവുന്നതിനുപകരം, സൈദ്ധാന്തിക

വും രാഷ്ട്രീയവും സൗന്ദര്യാത്മകവും മററു മായ ഭിന്നപ്രയോഗങ്ങളിലൂടെ മൂർത്തമായ ജ്ഞാനവും വ്യവസ്ഥാപരിവർത്തനവും അതിന്നുതകുന്ന കലയും ഉത്പാദിപ്പിക്കുവാൻ വിദ്യാർത്ഥികളെ സജ്ജരാക്കുക: ഈ കർത്തവ്യങ്ങളാണ് അദ്ധ്യാപകരിൽ അർപ്പിക്കപ്പെടുന്നത്.

## 4

യുവജന ലീഗുകളുടെ കടമകളെക്കുറിച്ചുള്ള പ്രസിദ്ധമായ പ്രസംഗത്തിൽ (ഒക്ടോബർ 2, 1920) വ്ളാദിമീർ ഇല്ലിച്ച് ലെനിൻ മുതലാളിത്ത വിജ്ഞാനത്തിൻെറ വ്യാജവിവരണങ്ങൾ നിറഞ്ഞ പാഠപുസ്തകങ്ങൾ നിരാകരിക്കുന്നതിൻെറ അനിവാര്യത ഊന്നിപ്പറയുന്നുണ്ട്. അതേ സമയം കമ്മ്യൂണിസ്ററ് മുദ്രാവാക്യങ്ങൾ വെറുതേ കാണാപാഠമാക്കിയാൽ സോഷ്യലിസ്ററ് വിദ്യാഭ്യാസമാവില്ലെന്നും ലെനിൻ യുവാക്കളെ ഓർമ്മിപ്പിക്കുന്നു. ''ഇവിടെ ഒരു ചോദ്യമുയരുന്നു. കമ്മ്യൂണിസത്തെക്കുറിച്ചുള്ള പഠനത്തിന് ഇവയെല്ലാം കൂട്ടിയോജിപ്പിക്കുന്നതെങ്ങിനെയാണ്? പഴയ ചിന്താപദ്ധതിയിൽ നിന്ന്, പഴയ തരത്തിലുള്ള ശാസ്ത്രത്തിൽ നിന്ന്, നാമെന്താണ് സ്വീകരിക്കേണ്ടത്? സർവ്വതോമുഖമായ വിദ്യാഭ്യാസമുള്ള ആളുകളെ സൃഷ്ടിക്കുകയെന്നത്, സാമാന്യമായി ശാസ്ത്രങ്ങൾ പഠിപ്പിക്കുകയെന്നത് ആയിരുന്നു പഴയതരം വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ ഇത് തികച്ചും കള്ളമായിരുന്നുവെന്ന് നമുക്കറിയാം. എന്തുകൊണ്ടെന്നാൽ, ജനങ്ങൾ വർഗങ്ങളായി ചൂഷകരും-ചൂഷിതരുമായി-വിഭജിക്കപ്പെട്ടതിൻെറ അടിത്തറയിലാണ് സമൂഹം ആകെ നിലനിൽക്കുന്നത്. പഴയ തരം വിദ്യാലയങ്ങളിൽ വർഗപരമായ ചിന്ത നിറഞ്ഞുനിൽക്കുന്നതിനാൽ സ്വാഭാവികമായും അവ ബൂർഷ്വാസിയുടെ സന്തതികൾക്കാണ് അറിവുനൽകുക. ഓരോ വാക്കും ബൂർഷ്വാ താത്പര്യങ്ങൾക്കായി ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നു. ഈ വിദ്യാലയങ്ങളിൽ ബൂർഷ്വാസിയുടെ താത്പര്യങ്ങൾക്കൊപ്പിച്ച് നാമമാത്രമായ വിദ്യാഭ്യാസമേ തൊഴിലാളികളുടെയും കർഷകരുടെയും ഇളം തലമുറയ്ക്ക് നൽകപ്പെടുന്നുള്ളൂ. ബൂർഷ്വാസിക്ക് പ്രയോജനപ്പെടുന്ന, സ്വന്തം സ്വൈര്യത്തിനും വിശ്രമത്തിനും കോട്ടം തട്ടാത്ത വിധത്തിൽ അവരെക്കൊണ്ട് ലാഭമുണ്ടാക്കാൻ പററിയ ദാസൻമാരാകാനുള്ള പരിശീലനമാണ് അവർക്ക് നൽകപ്പെടുന്നത്. അതുകൊണ്ടാണ് നാം പഴയ തരത്തിലുള്ള വിദ്യാലയങ്ങളെ നിരാകരിക്കവേ, ശരിയായ കമ്മ്യൂണിസ്ററ് വിദ്യാഭ്യാസത്തിന് ആവശ്യമായതു മാത്രം അവയിൽ നിന്നു സ്വീകരിക്കുന്നത്.'' (Task of the youth Legaues). പഴയ വിദ്യാലയങ്ങളെ വിമർശിക്കുമ്പോൾ തന്നെ അവയിലെ ഹാനികരമായ അംശങ്ങളെയും പ്രയോജനകരമായ അംശങ്ങളെയും നാം വേർതിരിച്ചറിയണമെന്നും ലെനിൻ ചൂണ്ടിക്കാട്ടുന്നു.

മുതലാളിത്തത്തിൻകീഴിൽ സഞ്ചിതമായിരുന്ന മാനവവിജ്ഞാനത്തിൻെറ ഉറച്ച അസ്തിവാരത്തെ ആധാരമാക്കി പ്രവർത്തിച്ചതുകൊണ്ടാണ് മാർക്സിന് ജനകീയമായ ഒരു വിപ്ലവസിദ്ധാന്തം രൂപവത്കരിക്കാൻ കഴിഞ്ഞതെന്നും മാനവ ചിന്ത സൃഷ്ടിച്ച എല്ലാററിനെയും പുനഃപരിശോധിച്ചും വിമർശിച്ചും തൊഴിലാളി വർഗത്തിൽ പരീക്ഷിച്ചും അതിൻെറ അടിസ്ഥാനത്തിൽ നിഗമനങ്ങളാവിഷ്കരിച്ചുമാണ് മാർക്സ് വിചാര വിപ്ലവത്തിനും പ്രായോഗിക വിപ്ലവത്തിനും വഴിയൊരുക്കിയത്. പഴയ വിദ്യാഭ്യാസം നിഷ്പ്രയോജനവും വന്ധ്യവുമായ അറിവൂട്ടി ഇളം തലമുറയുടെ മസ്തിഷ്കങ്ങളെ ഏകമാതൃകയിൽ ചിട്ടപ്പെടുത്തി ഉദ്യോഗസ്ഥ മേധാവികളെ നിർമ്മിച്ച; എങ്കിലും കമ്മ്യൂണിസത്തിനു തന്നെ ജന്മം നൽകിയ വിജ്ഞാന സമ്പത്ത് ഉൾക്കൊള്ളേണ്ടതില്ലെന്ന ധാരണ അബദ്ധമായിരിക്കും. ''തൊഴിലാളിവർഗ സംസ്കാരത്തെക്കുറിച്ചു സംസാരിക്കുമ്പോൾ നാം ഇത് ഓർത്തിരിക്കണം...ശൂന്യതയിൽ നിന്ന് പിഴിഞ്ഞെടുക്കുന്നതല്ല തൊഴിലാളിവർഗ സംസ്കാരം; തൊഴിലാളിവർഗ സംസ്കാരം വിദഗ്ധരെന്നു സ്വയം ഭാവിക്കുന്നവരുടെ കണ്ടുപിടുത്തവുമല്ല അത്. ഇതെല്ലാം വെറും അസംബന്ധമാണ്. മുതലാളിത്ത-നാടുവാഴിത്ത-ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വ സമൂഹത്തിൻെറ നുകത്തിൻ കീഴിൽ മാനവസമൂഹം ആർജ്ജിച്ച വിജ്ഞാനസമ്പത്തിൻെറ യുക്തിസഹമായ വികാസമായിരിക്കണം തൊഴിലാളിവർഗ സംസ്കാരം.'' മുതലാളിത്തത്തിലും സോഷ്യലിസത്തിൻെറ സാമൂഹ്യ ധർമ്മങ്ങൾ ചർച്ച ചെയ്യു

മ്പോൾ സോവിയററ് വിദ്യാഭ്യാസ ശാസ്ത്രജ്ഞനായ തുർച്ചെൻകോ ബൂർഷ്വാ വിദ്യാഭ്യാസത്തിന്റെ വൈരുദ്ധ്യത്തെക്കുറിച്ച് പറയുന്ന ഭാഗം ഏകപക്ഷീയ വിമർശനമൊഴിവാക്കാൻ നമ്മെ സഹായിച്ചേക്കും.'' ചൂഷണവും മർദ്ദനവും സുശക്തമാക്കാനായി യാഥാസ്ഥിതികവും പിന്തിരിപ്പനുമായ ധർമ്മം നിറവേററുമ്പോൾതന്നെ വിദ്യാഭ്യാസം പുരോഗമനപരമായ ഒരു സാമൂഹ്യ ധർമ്മവും നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു എന്നതിനു സംശയമില്ല. പ്രബുദ്ധതയും വിജ്ഞാനവും പ്രചരിപ്പിക്കണമെന്നും അധ്വാനിക്കുന്ന ജനങ്ങൾക്കു വേണ്ടിയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ വളർത്തി വികസിപ്പിക്കണമെന്നും പുരോഗമനവാദികളായ ചിന്തകരും ജനങ്ങളും ആവശ്യപ്പെട്ടിരുന്നത് വെറുതെയായിരുന്നില്ല. ജനങ്ങൾക്കിടയിൽ ശാസ്ത്രവിജ്ഞാനം പ്രചരിക്കണമെന്നും പൊതുജനവിദ്യാഭ്യാസസ്ഥാപനങ്ങൾ വളരണമെന്നുമുള്ള ആവശ്യം എന്നും പുരോഗമനപരമായിരുന്നു. ആധുനിക സാങ്കേതിക വിദ്യകൾ അധ്വാനിക്കുന്ന വിഭാഗങ്ങൾക്ക് നല്ല വിദ്യാഭ്യാസം നൽകുവാൻ ബൂർഷ്വാസിയെ നിർബന്ധിക്കുന്നു. അങ്ങനെ വിദ്യാഭ്യാസം ലഭിക്കുന്ന യുവാക്കൾ, വിശേഷിച്ചും അധ്വാനികൾ, തങ്ങളെ പഠിപ്പിച്ച വസ്തുതകളെ വിമർശനാത്മകമായി വിലയിരുത്താനും അപഗ്രഥിക്കാനും കഴിവുള്ളവരായിത്തീരുന്നു. ഏററവും പുരോഗമനവാദികളും കർമ്മോന്മുഖരുമായ വിദ്യാർത്ഥികൾ തങ്ങൾക്കു സിദ്ധിച്ച അറിവ് ബൂർഷ്വാസിക്കെതിരായി നടത്തുന്ന വർഗസമരത്തിനായി ഉപയോഗിക്കുന്നു. ബൂർഷ്വാ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉയർന്ന നിലവാരത്തിലുള്ള സ്പെഷ്യലിസ്ററുകളെയും വ്യവസ്ഥിതിയുടെ പിന്തുണക്കാരേയും മാത്രമല്ല അതിന്റെ ഏററവും ശക്തരായ എതിരാളിവർഗത്തിന്റെയും ഇതര ജനാധിപത്യവിഭാഗങ്ങളുടെയും നേതാക്കളെ, പടയാളികളെ, വിപ്ലവകാരികളെപ്പോലും-വളർത്തിയെടുക്കുന്നതായി ചരിത്രം കാണിച്ചുതരുന്നു.'' ഒരു വശത്ത് മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന സാമൂഹ്യബന്ധങ്ങളെ പ്രത്യുത്പാദിപ്പിക്കുകയും ശക്തിപ്പെടുത്തുകയും സാമൂഹ്യ അസമത്വത്തെയും ബൂർഷ്വാ രാഷ്ട്രീയ വാഴ്ചയെയും വളർത്തുകയും ചെയ്യുമ്പോൾതന്നെ വിദ്യാഭ്യാസം മറുവശത്ത് വർഗവൈരുദ്ധ്യങ്ങൾ മൂർച്ചിപ്പിക്കാനും, മർദിതരിൽ ഐക്യവും സ്വയംബോധവും സംഘടനാബോധവുമുണ്ടാക്കാനും സഹായകമാവുന്നു. ''വിദ്യാഭ്യാസസമ്പ്രദായത്തെ ജനാധിപത്യവത്ക്കരിക്കുകയും വർഗപരിമിതികളെ ദൂരീകരിക്കുകയും അധ്യയനത്തിന്റെ ഉള്ളടക്കത്തിൽ അടിയ്ക്കടി പരിഷ്കരണങ്ങൾ വരുത്തുകയും ചെയ്തുകൊണ്ട് ഈ രണ്ടാമത്തെ വശത്തെ ശക്തിപ്പെടുത്താനുള്ള സമരങ്ങളിൽ കമ്മ്യൂണിസ്ററുകാർ ഏർപ്പെടുന്നു.'' പക്ഷെ, ബൂർഷ്വാസാമൂഹ്യ ധർമ്മത്തിന്റെ ആദ്യം പറഞ്ഞ വശമാണ് മൂലധനമേധാവിത്തവും ബൂർഷ്വാ സാമൂഹ്യബന്ധങ്ങളും നിലനിൽക്കുന്നിടത്തോളം കാലം മുന്നിട്ടുനിൽക്കുക. സോഷ്യലിസ്ററ് വിപ്ലവത്തോടുകൂടി മാത്രമേ, വർഗവിഭജനത്തെ തീർത്തും അവസാനിപ്പിക്കുന്ന ഒരായുധമായി വിദ്യാഭ്യാസത്തെ മാററിയെടുക്കാൻ കഴിയൂ. ജനഭൂരിപക്ഷത്തോടു പ്രതിജ്ഞാബദ്ധമായ, മത്സരത്തിനുപകരം സഹകരണത്തിനു പ്രാധാന്യം നൽകുന്ന, സാംസ്കാരിക വികാസത്തിലൂന്നുന്ന അധ്വാനത്തെ മഹത്തായികരുതുന്ന, പണ്ടു മുതൽ ജനങ്ങൾ സൃഷ്ടിച്ചതിൽ മഹത്തായതു മുഴുവനുമുൾക്കൊള്ളുന്ന ഒരു വിദ്യാഭ്യാസരീതിയായാണ് മറെറാരു സോഷ്യലിസ്ററ് വിദ്യാഭ്യാസവിദഗ്ധനായ മിഖായ്ൽ കലീനിൻ സോഷ്യലിസ്ററ്വിദ്യാഭ്യാസത്തെ കാണുന്നത്. മാവോയുടെ വസന്തോത്സവ പ്രസംഗവും (1964 ഫെബ്രുവരി 13) ഈ മൂല്യങ്ങളിൽ ഊന്നുന്നുണ്ട്. ഗ്രാമീണ ജീവിതത്തിനു പ്രാധാന്യം നൽകണം, പഠനവും അധ്വാനവും ഒന്നിച്ചു പോകണം, ദേശീയാവശ്യങ്ങൾക്കൊത്ത് പഠനം വൈവിധ്യവൽകരിക്കണം. വരട്ടുപ്രമാണങ്ങളെ നിരാകരിക്കണം എന്നീ നിർദ്ദേശങ്ങൾ അദ്ദേഹം മുന്നോട്ടുവെയ്ക്കുന്നു.

ദർശനം പ്രകൃതിയിലും സമൂഹത്തിലും നിന്ന് ഉരുത്തിരിയണം, ചർച്ചകൾ മൂർത്തമായ ദേശീയ സാഹചര്യത്തിൽ നിന്നാരംഭിക്കണം, ജനങ്ങളിൽ നിന്നു പഠിച്ചത് ജനങ്ങളെ പഠിപ്പിക്കുകയാണ് വിപ്ലവകാരികൾ ചെയ്യേണ്ടത്. അധ്യാപകരാകേണ്ടവർ വിദ്യാർത്ഥികളായി തുടരണം. വിജ്ഞാനം കുത്തിവെയ്ക്കുന്ന അധ്യാപനരീതി തെററാണ്; ഭാവനയെ ഉദ്ദീപിപ്പിക്കുകയാണ് വേണ്ടത്—മാവോയുടെ പ്രധാനമായ ആശയങ്ങൾ ഇവയാണ്.

ഒരു ബൂർഷ്വാ വ്യവസ്ഥിതിക്കകത്തിരുന്ന് വിദ്യാഭ്യാസക്രമത്തെ കൂടുതൽ പുരോഗമനോന്മുഖമാക്കുവാൻ ശ്രമിക്കുന്ന അദ്ധ്യാപകർ ഇന്നു ചെയ്യേണ്ടത് നിലനിൽക്കുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പ്രതിലോമവശങ്ങളെ വിട്ടുവീഴ്ചയില്ലാതെ വിമർശിക്കുകയും, അദ്ധ്യാപന സ്ഥാപനങ്ങളിൽ പാരതന്ത്ര്യത്തിനു പകരം സ്വാതന്ത്ര്യം സൃഷ്ടിക്കുന്ന സാഹചര്യങ്ങളൊരുക്കുകയുമാണ്. എല്ലാ പരിമിതികളോടുംകൂടിത്തന്നെ നാം വലിച്ചെറിയപ്പെട്ടിരിക്കുന്ന പടക്കളത്തിൽ നിന്നുതന്നെ സമരായുധങ്ങൾ സ്വരൂപിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. വിദ്യാർത്ഥികളെ സ്വയം പഠനത്തിനു പര്യാപ്തരാകത്തക്കവിധം അവരിൽ യഥാർത്ഥ ജിജ്ഞാസയുണർത്താൻ ആദ്യം ബാഹ്യപ്രേരണ ആവശ്യമാകാം. അന്യോന്യം പഠിപ്പിക്കുവാൻ വിദ്യാർത്ഥികളെ സഹായിച്ചുകൊണ്ട് ജ്ഞാനാധികാരത്തിന്റെ നിഗൂഢസ്വഭാവം കുറെയൊക്കെ തകർക്കുവാൻ അദ്ധ്യാപകർക്കു കഴിയും. അറിവുകളും അനുഭവങ്ങളും പങ്കിടുവാൻ വിദ്യാർത്ഥികൾക്ക് പരമാവധി അവസരങ്ങൾ നൽകണം. വിമർശനാത്മകമായ ചോദ്യങ്ങളിലൂടെ പാഠ്യവിഷയങ്ങളുടെ മറുപുറം കാണുവാൻ അവരെ പ്രേരിപ്പിക്കുവാൻ കഴിയും. നൽകപ്പെട്ട പാഠങ്ങളും പുസ്തകങ്ങളുമുപയോഗിച്ചുകൊണ്ടുതന്നെ, അവയെ വിമർശനാത്മകമായി പാരായണം ചെയ്തുകൊണ്ട് അവയുടെ പ്രത്യയശാസ്ത്രവിവക്ഷകൾ തുറന്നുകാട്ടാൻ കഴിയും. സർഗാത്മക സാഹിത്യ കൃതികളെ പരിവർത്തനോന്മുഖമായി വായിച്ചെടുത്തും സാഹിത്യവിമർശനങ്ങൾക്കു പിറകിലെ പ്രത്യയശാസ്ത്രങ്ങൾ കാട്ടിക്കൊടുത്തും സാഹിത്യാദ്ധ്യാപകർക്ക് പുതിയ രീതികൾ ആവിഷ്കരിക്കാം. പ്രത്യേകം പാഠപുസ്തകങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത വിഷയങ്ങളിൽ അവയുടെ വ്യവഹാരങ്ങളോട് ശാസ്ത്രീയസമീപനം സ്വീകരിച്ചവതരിപ്പിക്കുക കുറെക്കൂടി അനായാസമാണ്. മൂലധനവ്യവസ്ഥയുടേതിൽനിന്ന് ഭിന്നമായ ഒരു ധാർമികത വളർത്താനും അതിന്നു സ്വയം മാതൃകകളാവാനും അദ്ധ്യാപകർ ശ്രമിക്കണം. പാഠ്യേതര പരിപാടികൾക്കും ജനാധിപത്യപരമായ ഉന്മുഖത്വം നൽകുവാൻ സ്വാതന്ത്ര്യബോധമുള്ള അദ്ധ്യാപകർക്കു കഴിയും. ഓരോ അദ്ധ്യയന വർഷാരംഭത്തിലും തങ്ങൾക്കു നല്കപ്പെട്ടിരിക്കുന്ന പാഠപുസ്തകങ്ങളെയും പാഠ്യപദ്ധതികളെയും വിമർശനാത്മകമായി വിലയിരുത്തി വസ്തുനിഷ്ഠമായ ഒരു സമീപനവും അനുസ്യൂതമായ ഒരു ദിഗ്ബോധവും വികസിപ്പിക്കാൻ അദ്ധ്യാപകർ ബാദ്ധ്യസ്ഥരാണ്. സോഷ്യലിസ്റ്റ് ബോധത്തെ മൂന്നു പടികളുള്ള ഒരു പ്രക്രിയയായിട്ടാണ് ഈറാഷോർ ('Studies in Socialist Pedagogy') കാണുന്നത്. ജീവിത വിവരണം, രോഗനിർണ്ണയം, പുനർനിർമ്മാണം എന്നിവയാണ് ആ പടികൾ. ഇവയിലൂടെ യഥാർത്ഥ്യം ഗ്രഹിക്കാനാവുന്ന ഒരു സമഗ്ര വിശകലന മാതൃക വിദ്യാർത്ഥികൾക്കു നൽകുകയാണ് മുഖ്യം. മൈക്കേൽ റോസ്മാന്റെ ('Learning and Social Change') ഒരു പ്രസ്താവം ഇവിടെ ശ്രദ്ധേയമാണ്. "ചീത്ത അദ്ധ്യയനത്തോടൊപ്പമുള്ള രാഷ്ട്രീയവും ചീത്ത രാഷ്ട്രീയത്തോടൊപ്പമുള്ള അദ്ധ്യയനവും ഒരുപോലെ വ്യർത്ഥവും പരിമിതവുമാണ്. ഉത്പന്നത്തിലും പ്രക്രിയയിലും ബോധപൂർവ്വമായ തുല്യ ശ്രദ്ധ നൽകിയാലേ ആരോഗ്യകരമായ പരിവർത്തനമുണ്ടാകൂ. ഒന്നിലുള്ള പ്രവർത്തനം മറ്റേതിലുള്ള സഹപ്രവർത്തനത്തിന്റെ അഭാവത്തിൽ വികലമായിപ്പോകുന്നു."

ക്ലാസുമുറിയുടെ ഈ രാഷ്ട്രീയവത്കരണം സഫലവും സാർത്ഥകവുമാകുന്നത് അദ്ധ്യാപകർ ക്ലാസുമുറിക്കുപുറത്തെ ബോധവത്കരണയത്നങ്ങളിൽ പങ്കാളികളാവുമ്പോൾ മാത്രമാണ്. ലെനിൻ വ്യക്തമാക്കിയിട്ടുള്ളതുപോലെ, പീഡിതവർഗത്തിന്റെ സ്വയംബോധം അപര്യാപ്തവും അപൂർണ്ണവുമാണെന്നുമാത്രമല്ല പലപ്പോഴും ആത്മവിരുദ്ധം പോലുമാണ്. വിപ്ളവപരമായ വർഗബോധം, സ്വന്തം ചരിത്രനിയോഗത്തെക്കുറിച്ചുള്ള ബോധം, അവരിലേക്ക് ബോധപൂർവ്വം ആനയിക്കപ്പെടുകതന്നെ വേണം. ജനങ്ങളുടെ സാമാന്യാനുഭവത്തെ മൂർത്തമായ ശാസ്ത്രീയ സിദ്ധാന്തത്തിന്റെ തലത്തിലേക്കുയർത്തി അവർക്കു തിരിച്ചുനൽകുക, അങ്ങിനെ അവ്യക്തമായിരുന്നതിനു വ്യക്തതനൽകുക, സ്വന്തം വിമോചകരാകുവാൻ ജനങ്ങളെ സജ്ജരാക്കുക അവരുടെ 'നിശബ്ദ സംസ്കാരത്തെ ഭേദിക്കുക, അവർ 'ആന്തരവത്കരിച്ചിരിക്കുന്ന മർദകബിംബത്തെ പുറന്തള്ളാനവരെ പ്രാപ്തരാക്കുക, ദുരിതത്തിന്റെ ഭൗതി

കകാരണങ്ങളിലേക്കുവരെ നയിക്കുക, യഥാർത്ഥ്യം വെറുതേ നൽകപ്പെട്ടിരിക്കുന്ന ഒന്നല്ലെന്നും അതൊരു 'നിർമ്മിതി' (construct) യാണെന്നും അതിനെ പലരീതിയിലും വായിച്ചെടുക്കാനും പുനർനിർമ്മിക്കാനും കഴിയുമെന്നും മർദിതനെ ബോധ്യപ്പെടുത്തുക. പീഡനത്തെ ഒരാത്മനിഷ്ഠവികാരമെന്ന നിലവിട്ട് ഘടനാപരമായ ഒരു സാമൂഹ്യപ്രശ്നമായിക്കാണാൻ പീഡിതരെ പരിശീലിപ്പിക്കുക. നിഷ്ക്രിയമായ 'വിവരങ്ങൾ' (information) കുത്തിനിറക്കുന്നതിനുപകരം ക്രിയാത്മകമായ, ലോകവിമർശന സജ്ജമായ, ജ്ഞാനം (knowledge) ജനങ്ങളിലെത്തിക്കുക-ഇവയാണ് സോഷ്യലിസ്ററ് അദ്ധ്യാപനത്തിന്റെ ധർമ്മങ്ങൾ.. മൂർത്തപ്രശ്നങ്ങളെക്കുറിച്ചുള്ള ഗവേഷണാത്മക പഠനങ്ങളും ഒപ്പം അവയുടെ ജനകീയമായ അവതരണങ്ങളും വികസിപ്പിക്കാൻ നമുക്കു കഴിയണം. ധൈഷണികപ്രവർത്തനത്തെ ഏതെങ്കിലുമൊരു തലത്തിലേക്കു വെട്ടിച്ചുരുക്കേണ്ടതില്ല, ജനവിമോചനം ലക്ഷ്യമാക്കി അതിന്റെ ഭിന്നതലങ്ങളെ പ്രവർത്തന സജ്ജമാക്കുകയാണാവശ്യം. അന്ധമായ ആക്ററിവിസവും ആന്ധ്യബുദ്ധിജീവിഭാവവും ഒരേ തെററിന്റെ രണ്ടുപുറങ്ങളാണ്. അദ്ധ്യാപകർ ഗ്രാംഷി വിഭാവനം ചെയ്തരീതിയിൽ നിരന്തരമായ ജനസമ്പർക്കമുള്ള, വിമോചനലക്ഷ്യത്തിന്നായി സ്വന്തം ധിഷണയെ സമർപ്പിക്കുന്ന,ജൈവബുദ്ധി ജീവികളായി (organic intellectuals) മാറണം. പരീക്ഷണാത്മകമായ സാമൂഹ്യാദ്ധ്യാപന പ്രവർത്തനങ്ങളുടെ അനുഭവംതന്നെയാണ് ക്ലാസുമുറികളെയും സജീവമായ സംവാദവേദികളാക്കാൻ അദ്ധ്യാപകരെ സഹായിക്കുക.

സോഷ്യലിസ്ററ് ഉന്മുഖത്വമുള്ള ഇന്നത്തെ അദ്ധ്യാപക സംഘടനാപ്രവർത്തനത്തിന് ഈ ലക്ഷ്യങ്ങളും ധർമ്മങ്ങളുമാണ് ഉണ്ടാകേണ്ടത്:

1. ബൂർഷ്വാ വിദ്യാഭ്യാസ വ്യവസ്ഥിതിയുടെ ഒരു സമൂല വിമർശം വികസിപ്പിക്കുക. ഈ വിമർശത്തിന് ഏഴു ഘടകങ്ങളുണ്ടായിരിക്കും. (a) സ്കൂൾ-കോളേജ്-ഗവേഷണതലങ്ങളിൽ ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പൊതുദിശാബോധത്തിന്റെ സാമാന്യവിമർശം. (b) മാറി മാറി വരുന്ന ഗവൺമെൻറുകളുടെ വിദ്യാഭ്യാസനയ പ്രഖ്യാപനങ്ങളുടെയും വിവിധ വിദ്യാഭ്യാസക്കമ്മീഷൻ റിപ്പോർട്ടുകളുടെയും സവിശേഷ വിമർശം (c) ഭിന്നവിഷയങ്ങളിലെ പാഠ്യപദ്ധതികൾ, പാഠപുസ്തകങ്ങൾ, അവ തീരുമാനിക്കപ്പെടുന്ന സമ്പ്രദായങ്ങൾ എന്നിവയുടെ വിമർശം. (d) ഇന്നത്തെ ക്ലാസുമുറികളുടെയും-അദ്ധ്യാപന രീതികളുടെയും അദ്ധ്യാപക-വിദ്യാർത്ഥി ബന്ധങ്ങളുടെയും-വിമർശം. (c) സമകാലീന വിദ്യാഭ്യാസരീതികളുടെ സാമൂഹ്യ-സാമ്പത്തിക-ധൈഷണിക പ്രത്യാഘാതങ്ങളുടെ വിശകലനം. (f) വിദ്യാഭ്യാസരംഗത്തെ ഇന്നു നിയന്ത്രിക്കുന്ന മൂലധനതാത്പര്യങ്ങളുടെയും അവയുടെ ഫലമായ അഴിമതികളുടെയും ഉച്ചനീചത്വങ്ങളുടെയും അനാവരണം. (g) അദ്ധ്യാപകരുടെ ഇന്നത്തെ അവസ്ഥകളും ആവശ്യങ്ങളും തമ്മിലും ആദർശങ്ങളും പ്രയോഗങ്ങളും തമ്മിലും ഉള്ള വൈരുദ്ധ്യങ്ങളുടെ അനാഛാദനം.

2. നമ്മുടെ പാഠ്യപദ്ധതികളിൽ ശാസ്ത്രീയ സോഷ്യലിസ്ററു വിജ്ഞാനത്തിന്റെ സ്വാധീനം വർദ്ധിപ്പിക്കാൻ ശ്രമിക്കുക.

3. വിവിധ വിജ്ഞാനമേഖലകളിൽ നടന്നിട്ടുള്ള ജനാധിപത്യപരമായ ഗവേഷണങ്ങളെ സുഗ്രഹരൂപത്തിൽ പരിഭാഷ ചെയ്തു പ്രസിദ്ധീകരിക്കുകയും, ഭിന്നമേഖലകളിൽ ഒററയ്ക്കൊററയ്ക്കും, വിഷയാന്തരീയമായും (interdisciplinary) സംഘടിത ഗവേഷണത്തിനുള്ള പദ്ധതികളാവിഷ്ക്കരിക്കുകയുംചെയ്യുക.

4. വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന സോഷ്യലിസ്ററുകൾക്ക് സഹായകമാവുന്ന ലേഖനങ്ങൾ, പുസ്തകങ്ങൾ, ആനുകാലികങ്ങൾ, ഗവേഷണ പ്രബന്ധങ്ങൾ മുതലായവയുടെ വിവരങ്ങൾ ക്രോഡീകരിച്ച് വിതരണം ചെയ്യുക.

5. വിവിധ വിഷയങ്ങളിൽ സോഷ്യലിസ്ററ് വീക്ഷണമുള്ള ബദൽ പാഠ്യപദ്ധതികൾ നിർദ്ദേശിക്കുകയും, വർക്കുഷോപ്പുകളിലൂടെ ബദൽ പാഠപുസ്തകങ്ങൾ നിർമ്മിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്യുക.

6. ആധുനിക മാധ്യമസാദ്ധ്യതകളുപയോഗിക്കുന്ന അനൗപചാരിക സോഷ്യലിസ്ററു വിദ്യാഭ്യാസവേദികൾ സംഘടിപ്പിക്കുക.

## പ്രൊഫ. നാരായണൻകുട്ടിയെക്കുറിച്ച് പ്രസിദ്ധീകരിച്ച വാർത്ത തെററ്.

# പത്രം ഖേദം പ്രകടിപ്പിച്ചു.

(തെററായ വാർത്ത പത്രത്തിൽ കൊടുത്തതിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ട് ദീപിക ദിനപത്രം 1989 ജൂലൈ 7-ാം തീയതിയിലെ പത്രത്തിൽ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ച വാർത്തയാണ് താഴെക്കൊടുക്കുന്നത്—പത്രാധിപർ)

തൃശൂർ: അറുപതു വയസുവരെ സർവീസിൽ തുടരാൻ തനിക്ക് ഗവൺമെൻറ് അനുമതി നല്കിയത് നിയമങ്ങളെ മറികടന്നുകൊണ്ടാണെന്ന വാർത്ത തെററാണെന്ന് എ. കെ. പി സി. ടി. എ. സംസ്ഥാന പ്രസിഡൻറും കോഴിക്കോട് ഗുരുവായൂരപ്പൻ കോളജിലെ പ്രൊഫസറുമായ വി. നാരായണൻകുട്ടി അറിയിച്ചു.

1963 ജൂൺ മുപ്പതിന് സ്കൂൾ സർവീസിൽനിന്ന് കോളജ് സർവീസിൽ ചേർന്ന തനിക്ക് 60 വയസുവരെ സർവീസിൽ തുടരാൻ ചാപ്ററർ മൂന്ന് ഓപ്ററ് ചെയ്യാനുള്ള അവകാശമുണ്ടെന്ന് നാരായണൻകുട്ടി ചൂണ്ടിക്കാട്ടി. സ്കൂൾ സർവീസിൽനിന്ന് രാജിവയ്ക്കാതെ റിലീവ് ചെയ്ത് കോളജ് സർവീസിൽ പ്രവേശിച്ചതുമൂലം എഡ്യുക്കേഷണൽ ഏജൻസിയുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടില്ല. അതിനാൽ സർവീസിൽ ബ്രേക്ക് ഉണ്ടായതായി കണക്കാക്കാനാവില്ല. ഈ സാഹചര്യത്തിൽ നാരായണൻകുട്ടിക്ക് ഓപ്ഷനുള്ള അവകാശമുണ്ട്. നിയമപ്രകാരമുള്ള ഓപ്ഷനനുസരിച്ചാണ് 60 വയസുവരെ സർവീസിൽ തുടരാൻ സർക്കാർ അനുമതി നല്കിയത്.

ചാപ്ററർ മൂന്ന് ഓപ്ററ് ചെയ്യാനുള്ള നാരായണൻകുട്ടിയുടെ അപേക്ഷ കൊളീജിയററ് എഡ്യൂക്കേഷൻ ഡയറക്ടർ 1988 ഫെബ്രുവരി മൂന്നിന് തിരസ്കരിച്ചിരുന്നു. സ്കൂൾ സർവീസിൽനിന്ന് 1963 ജൂൺ മുപ്പതിന് നാരായണൻകുട്ടി രാജിവച്ചെന്നും അതിനാൽ സർവീസ് ബ്രേക്കായെന്നും പറഞ്ഞാണ് ഓപ്ഷൻ അപേക്ഷ തിരസ്കരിച്ചത്. എന്നാൽ സ്കൂൾ സർവീസിൽനിന്ന് രാജിവയ്ക്കാതെയാണ് കോളജ് സർവീസിൽ ചേർന്നതെന്ന് നാരായണൻകുട്ടി കൊളീജിയററ് എഡ്യുക്കേഷൻ ഡയറക്ടറെ ബോധ്യപ്പെടുത്തി. ഇതിൻെറ അടിസ്ഥാനത്തിൽ നിയമപ്രകാരമാണ് നാരായണൻകുട്ടിക്ക് 60 വയസുവരെ സർവീസിൽ തുടരാൻ അനുമതി നല്കിയത്.

(പ്രൊഫ. വി. നാരായണൻകുട്ടിയുടെ നിയമനം സംബന്ധിച്ച് 4- 5-'89-ൽ പ്രസിദ്ധീകരിച്ച വാർത്തയിൽ ചില വൈകല്യങ്ങൾ കടന്നുകൂടിയതിൽ ഖേദിക്കുന്നു. പ്രസ്തുത വാർത്തമൂലമുളവായ ബുദ്ധിമുട്ടുകൾ നീക്കുവാൻ മേൽകൊടുത്തിരിക്കുന്ന വാർത്ത ഉപകരിക്കുമെന്ന് വിശ്വസിക്കുന്നു.)

(പത്രാധിപർ)

---

7. യുവാക്കൾക്കും വിദ്യാർത്ഥികൾക്കുമായി ശാസ്ത്രീയസോഷ്യലിസത്തിൻെറ അടിസ്ഥാനതത്വങ്ങൾ ലളിതമായി പ്രതിപാദിക്കുന്ന പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുക.

8. ബൂർഷ്വാ പണ്ഡിതരുമായി നിർണായകവിഷയങ്ങളിൽ സംവാദങ്ങളിലേർപ്പെടുകയും അതിനു സ്വയം സജ്ജരാകാൻ അദ്ധ്യാപകർകിടയിൽ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യുക.

9. സ്വന്തം ഗ്രന്ഥശാലകൾ, ഗവേഷണ ജേർണലുകൾ ഇവയ്ക്ക് രൂപം നൽകുക.

10. ക്രമേണ ബൂർഷ്വാ വിദ്യാഭ്യാസവ്യവസ്ഥയ്ക്ക് പകരം നിൽക്കാൻ പര്യാപ്തമായ ഒരു സോഷ്യലിസ്ററ് വിദ്യാഭ്യാസ പദ്ധതിക്കു രൂപം നൽകാവുന്ന വിധത്തിൽ ഈ പ്രവർത്തനങ്ങളെ സമന്വയിപ്പിച്ച് ഒരു സമഗ്രപരിപാടിയിലേക്ക് നയിക്കുക. ☐

(6-ാം പേജിന്റെ തുടർച്ച)

തുടർന്ന് മാനവികവിഷയങ്ങളുടെ അദ്ധ്യാപനം എന്ന വിഷയത്തെ സംബന്ധിച്ച പ്രബന്ധം അവതരിപ്പിച്ച പ്രൊഫ. കെ. എൻ. ഗണേശും ഇതേ ആവശ്യത്തിന് ഊന്നൽ നൽകി. നമ്മുടെ വിദ്യാർത്ഥികൾക്ക് സൈദ്ധാന്തികമായ അറിവ് നൽകുന്നതിനു മാത്രമേ ഇന്നത്തെ സിലബസ് ഉപകരിക്കുന്നുള്ളൂ എന്ന് ശ്രീ ഗണേശ് സ്ഥാപിച്ചു. പ്രായോഗിക ജീവിതത്തിൽ പ്രയോജനപ്പെടുത്തുവാനോ, ലഭിച്ച വിദ്യാഭ്യാസം പ്രയോജനപ്പെടുത്തി സ്വന്ത നിലയിൽ ജീവിതമാർഗം കണ്ടെത്തുവാനോ ഇന്നത്തെ സിലബസ് ഒരു വിദ്യാർത്ഥിക്ക് ഉപകരിക്കുന്നില്ല. വടക്കേ ഇന്ത്യയിലെ സർവകലാശാലകളിൽ സിലബസ് പരീക്ഷയെ ലക്ഷ്യമാക്കി മാത്രമായിരിക്കുന്നതുകൊണ്ട് പൊതുപരീക്ഷകളിൽ ഉയർന്ന വിജയ ശതമാനം അവിടത്തെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾ നേടിയെടുക്കുന്നു. ഹയർസെക്കൻററി തലത്തിലുള്ള എൻ സി ഇ ആർ ടി സിലബസിന്റെ തുടർച്ചയെന്നോണം അവിടങ്ങളിലെ സിലബസ് അഴിച്ചുപണിതിട്ടുണ്ട്. അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തപ്പെടുന്ന പൊതു പരീക്ഷകളിൽ നമ്മുടെ കുട്ടികൾ പിന്നോക്കം പോകാതിരിക്കണമെങ്കിൽ ഇവിടെയും ഇത്തരത്തിലുള്ള മാററങ്ങൾ ഉണ്ടാകണം. കാലിക പ്രസക്തിയില്ലാത്ത, കാലഹരണപ്പെട്ട വിഷയങ്ങൾ സിലബസിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതുണ്ട്. യൂണിവേഴ്സിററി ബോഡികളിലേക്കുപോകുന്ന നമ്മുടെ പ്രതിനിധികൾ ഇക്കാര്യങ്ങളിൽ ശ്രദ്ധാലുക്കളായിരിക്കണമെന്നും ശ്രീഗണേശ് ആവശ്യപ്പെട്ടു. നമ്മുടെ കരിക്കുലത്തിന് ലക്ഷ്യബോധം ഉണ്ടാവേണ്ടതുണ്ട്.

തുടർന്ന് സംഘടനക്ക് ഒരു അക്കാഡമിക് സെൽ ഉണ്ടാക്കുന്നതിനെക്കുറിച്ച് പ്രൊഫ. സി. ജെ. ശിവശങ്കരൻ സംസാരിച്ചു ഇക്കാര്യം ഗ്രൂപ്പുചർച്ചകളിൽ ചർച്ചചെയ്യപ്പെടണമെന്നും അതിന്റെ ഘടന സ്വഭാവം എന്നിവയെപ്പററി തീരുമാനങ്ങൾ ഉണ്ടാകണമെന്നും നിർദേശിക്കപ്പെട്ടു. തുടർന്ന് ജനറൽസെക്രട്ടറി കരടുരേഖ അവതരിപ്പിച്ചു.

പ്രതിനിധികളെ മൂന്നു സർവകലാശാലകളുടെ കീഴിലുള്ള ഗ്രൂപ്പുകളായിതിരിച്ചുള്ള ചർച്ച അങ്ങേയററം സജീവമായിരുന്നു. ഗ്രൂപ്പു ചർച്ചകളിൽ പ്രധാനമായി ചർച്ചചെയ്യപ്പെട്ട ഒരു വിഷയം ജനറൽസെക്രട്ടറി അവതരിപ്പിച്ച കരടുരേഖയായിരുന്നു. സുദീർഘമായ ചർച്ചകൾക്കുശേഷം സംഘടനയ്ക്ക് ഒരു ഇടതുപക്ഷ സ്വഭാവം ഉണ്ടായിരിക്കണമെന്നും അതിനർത്ഥം എതെങ്കിലും ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയോട് കൂറുള്ള സംഘടനയായിരിക്കണം എന്നല്ലെന്നും ഉള്ള അഭിപ്രായം പൊതുവേ ഉണ്ടായി. മററ് ഇടതുപക്ഷ സംഘടനകൾ-അദ്ധ്യാപക-ട്രേഡ്യൂണിയൻ പ്രസ്ഥാനങ്ങൾ എന്നിവയുമായി ദൃഢവും വിപുലവുമായ ബന്ധം കെട്ടിപ്പടുക്കണമെന്നും തീരുമാനിക്കപ്പെട്ടു. അക്കാദമിക് സെൽ രൂപീകരണം സംബന്ധിച്ച് വിവിധ ഗ്രൂപ്പു ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്ന നിർദേശങ്ങളുടെമേലുള്ള അന്തിമ തീരുമാനം പ്രവർത്തക സമിതി കൈക്കൊള്ളുന്നതും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സെൽ രൂപീകരിക്കുന്നതുമാണ്. യു. ജി സി. നിർദേശിച്ച ശമ്പളസ്കെയിലുകളെ സംബന്ധിച്ചും സജീവമായ ചർച്ച നടക്കുകയുണ്ടായി.

16- ാംതീയതി രാവിലെ ഗ്രൂപ്പു ചർച്ചകളുടെ റിപ്പോർട്ടിംഗിനു ശേഷം പ്രസിഡൻറ് മറുപടി പറഞ്ഞു. യു. ജി. സി ശമ്പള നിരക്കുകളുടെ കാര്യത്തിൽ പ്രവർത്തക സമിതിക്ക് തികഞ്ഞ ശുഭാപ്തി വിശ്വാസമാണുള്ളതെന്നും ഇക്കാര്യത്തിൽ വളരെ കരുതലോടെയുള്ള നീക്കങ്ങളാണ് നാം നടത്തിക്കൊണ്ടിരിക്കുന്നത് എന്നും അദ്ദേഹം പറഞ്ഞു. യു.ജി. സി. സ്കെയിലുകൾ നമുക്കും നടപ്പിലാക്കി കിട്ടിയേ തീരൂ. അക്കാര്യത്തിൽ നാം ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറില്ല. ഇക്കാര്യത്തിലുള്ള നമ്മുടെ ആത്മാർത്ഥത നാം പ്രകടിപ്പിക്കുന്നത് പ്രസ്താവനയിറക്കിയും സമരപ്രഖ്യാപനം നടത്തിയുമല്ല. എങ്കിലും യു. ജി. സി. നിരക്കിലുള്ള ശമ്പളം കിട്ടിക്കഴിഞ്ഞു മതി സംഘടനയും പ്രവർത്തനവുമൊക്കെ എന്നു കരുതുന്നവർ സ്വയം പരിഹാസ പാത്രങ്ങളാവുകയാണ്. പണം നീട്ടിക്കാണിക്കുമ്പോൾ മാത്രം കരചരണങ്ങൾ ചലിപ്പിക്കുന്ന, പണത്തോട് ആർത്തി പെരുത്ത ആളുകളുടെ ഒരു സംഘമായി എ കെ പി സി ടി എ യെ അധ:പതിപ്പിച്ചുകൂട. സമൂഹത്തിന്റെ പരിഹാസത്തിനും നിന്ദയ്ക്കും ഇത് ഇടവരുത്തും. തുടർന്ന് ജനറൽ സെക്രട്ടറി പ്രമേയങ്ങൾ അവതരിപ്പിച്ചു.

ഈ വർഷത്തെ ഊർജസ്വലമായ സംഘടനാ പ്രവർത്തനത്തിനുവേണ്ട വ്യക്തമായ കാഴ്ചപ്പാടും തെളിഞ്ഞ മനസുമായിട്ടാണ് പ്രതിനിധികൾ തങ്ങളുടെ പ്രവർത്തന കേന്ദ്രങ്ങളിലേക്ക് മടങ്ങിയത്.

പ്രൊഫ. ടി. രാജൻ ചെയർമാനും പ്രൊഫ. എ. എം. കൃഷ്ണൻ കൺവീനറുമായുള്ള സ്വാഗതസംഘം ചിട്ടയായ പ്രവർത്തനമാണ് നടത്തിയത്. സ്വാഗത സംഘത്തിനും സംഘടനയുടെ കേരളവർമ്മ കോളേജ് ബ്രാഞ്ചിനും തങ്ങളേറെറടുത്ത കർത്തവ്യം സ്തുത്യർഹമായി നിറവേററി എന്നഭിമാനിക്കാം. □

# GOVERNMENT OF KERALA

## Abstract

Pay Revision-1973, 1978 and 1983-Time bound grade promotion/Non-cadre promotion to Government employees and teachers-Re-option-Granted-Orders issued.

---

FINANCE (PRU) DEPARTMENT

G.O. (P) 323/89/Fin. Dated, Trivandrum, 4-7-1989.

---

Read:- 1. G.O. (P) 772/88/(238)/Fin. dated 28-10-1988.
2. G-O. (P) 830/88/(241)/Fin. dated 10-10-1988.

## ORDER

In the G.O. read as 1st paper above, time upto 31-12-88 was allowed to teachers and employees for exercising re-option for post-ponement of grade promotion/non-cadre promotion prior to 1-7-12-1983. In the G.O· read as 2nd paper above time upto 31-12-88 was allowed for exercising re-option for post-ponement of grade promotion/non-cadre promotion which became due between 1-7-1983 and 16-9-1985.

Petitions have been received requesting permission to re-opt grade promotion/ non-cadre promotion which became due on or after 16-9-1985. Government have examined the question in detail and are pleased to allow a chance to all employees for exercising re-option to grade/non-cadre promotion in respect of 1973, 1978 and 1983 Pay Revisions subject to the following conditions.

(i) Excess pay, drawn if any, should be refunded in lump.
(ii) Re-option should be exercised before 1-8-1989.

(BY ORDER OF THE GOVERNOR),

E. C. MATHEW,
Additional Secretary (Finance).

---

# കോളേജ് കൗൺസിൽ: എ. കെ. പി. സി. ടി. എ. വിജയിച്ചു

**ആലത്തൂർ**

ആലത്തൂർ എസ്. എൻ. കോളേജ് കൗൺസിലിലേക്ക് എ കെ പി സി ട്ടി എ പ്രതിനിധികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. ബ്രാഞ്ചു സെക്രട്ടറി ശ്രീ കെ. എസ്. പവിത്രൻ, ശ്രീ. എൻ. ജി. മോഹൻ എന്നിവരാണ് വിജയിച്ചത്.

**പരുമല**

ഡി. ബി. പമ്പാ കോളേജ് കൗൺസിൽ തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികൾ ബഹുഭൂരിപക്ഷത്തോടെ വിജയിച്ചു. സർവ്വശ്രീ വി. സോമനാഥപിള്ള, എം. എൻ. ഗോപാലകൃഷ്ണൻ, കെ. സുജാത എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

# ജില്ലകളിൽനിന്ന്

## തിരുവനന്തപുരം

### അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കും.

ജില്ലയിലെ എല്ലാ കോളേജുകളിലും എ കെ പി സി ടി എ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ തിരുവനന്തപുരം ജില്ലാ കൗൺസിൽയോഗം തീരുമാനിച്ചു. ജൂൺ 15 ന് സംസ്ഥാന കമ്മിററി ഓഫീസിൽ ജില്ലാ പ്രസിഡൻറ് പ്രൊഫ. ഡി. തോമസിൻെറ അധ്യക്ഷത യിൽ കൂടിയ യോഗത്തിൽ ജനറൽ സെക്രട്ടറി പ്രൊഫ. ജി. മാധവൻനായർ, സിൻഡിക്കേററംഗം പ്രൊഫ. പി. നരേന്ദ്രൻ തുടങ്ങിയവരും പങ്കെടുത്തിരുന്നു. സംഘടന രൂപീകരിക്കുന്ന അക്കാദമിക-സാംസ്കാരിക വിഭാഗത്തിൻേറയും വനിതാവിഭാഗത്തിൻേറയും പ്രവർത്തനങ്ങൾ ജില്ലയിൽ സജീവമാക്കണമെന്നു യോഗം തീരുമാനിച്ചു. പ്രിൻസിപ്പൽ നിയമനത്തിന് ഇരുപത്തഞ്ചുവർഷം സർവ്വീസ് വേണമെന്ന നിയമംമാററരുതെന്നും അതു നിലനിർത്താൻ കേന്ദ്ര നേതൃത്വം വേണ്ടതുചെയ്യണമെന്നും യോഗം ആവശ്യപ്പെട്ടു. അധ്യാപകർക്ക് അവകാശപ്പെട്ട അവധി നിഷേധിക്കുന്ന എസ്. എൻ. മാനേജ്മെൻറിൻെറ ധിക്കാരപരമായ നടപടിയിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി. മാനേജ്മെൻറിനെതിരേ കർശന നടപടികൾ യൂണിവേഴ്സിററിയുടേയും ഗവൺമെൻറിൻേറയും ഭാഗത്തുനിന്നുണ്ടാകണമെന്നും യോഗം ആവശ്യപ്പെട്ടു. പി. എഫ് ക്രഡിററ് കാർഡുകൾ ലഭിക്കാത്തതും, ലോൺ സമയത്ത് പാസാക്കാത്തതും അംഗങ്ങൾ ഉന്നയിച്ചു. ഇതു പരിഹരിക്കുന്നതിനുവേണ്ടി ഉന്നത വിദ്യാഭ്യാസവകുപ്പു സെക്രട്ടറിയുമായി ചർച്ച നടത്തുന്നതാണെന്ന് ജനറൽസെക്രട്ടറി പറഞ്ഞു. യു. ജി. സി. സ്കെയിലിനുവേണ്ടി നടത്തിവരുന്ന പ്രവർത്തനങ്ങളെപ്പററിയും ജനറൽ സെക്രട്ടറി കൗൺസിലിനെ അറിയിച്ചു.

ജില്ലയിലെ പ്രവർത്തനങ്ങളെപ്പററി ജില്ലാ സെക്രട്ടറി പ്രൊഫ. കെ. പി. മാത്യു യോഗത്തിൽ വിശദീകരിച്ചു. ചർച്ചകളിൽ സെക്രട്ടറി പ്രൊഫ. ടി. എൻ. രാമൻപിള്ള, പ്രൊഫ. ജെസുരേഷ്, പ്രൊഫ. എം. കെ. ഗോപിനാഥൻ നായർ, പ്രൊഫ. ജോസഫ്ദാസ്. പ്രൊഫ. അബ്ദുൾഅയൂബ്, പ്രൊഫ. ടി. കെ. മുകുന്ദൻ, പ്രൊഫ. ജെ. പത്മകുമാരി. പ്രൊഫ. ജോണി. കെ. ജോൺ, പ്രൊഫ. തോമസ്ജോർജ്. പ്രൊഫ. കെ. പി. ദിവാകരൻനായർ, പ്രൊഫ. മോഹനകൈമൾ എന്നിവർ പങ്കെടുത്തു.

**പ്രൊഫ. കെ. പി. മാത്യു, ജില്ലാ സെക്രട്ടറി.**

## കണ്ണൂർ

### എസ്. എൻ. കോളേജ് മാനേജർക്കെതിരെ നടപടിവേണം.

അധ്യാപകരുടെ അർഹതപ്പെട്ട അവധി അപേക്ഷകൾ പാസാക്കാത്ത എസ്. എൻ. മാനേജ്മെൻറിനെതിരേ കർശന നടപടികളെടുക്കണമെന്ന് എ. കെ. പി. സി ടി. എ. കണ്ണൂർ ജില്ലാ കൗൺസിൽയോഗം സർക്കാരിനോടും യൂണിവേഴ്സിററികളോടും ആവശ്യപ്പെട്ടു. ജൂലൈ ആറാം തീയതി എൻ. ജി. ഒ. യൂണിയൻ ഹാളിൽ കൂടിയ യോഗത്തിൽ ജില്ലാ പ്രസിഡൻറ് പ്രൊഫ. അബ്ദുൾമജീദ് അധ്യക്ഷത വഹിച്ചു. യു. ജി. സി. സ്കെയിൽ ശമ്പളപരിഷ്ക്കാരത്തോടൊപ്പം നടപ്പിലാക്കണമെന്ന് യോഗം സർക്കാരിനോടാവശ്യപ്പെട്ടു.

ജില്ലയിലെ സംഘടനാ പ്രവർത്തനം ഊർജ്ജസ്വലമാക്കാനും, മെമ്പർഷിപ്പു വർദ്ധിപ്പിക്കുവാനും യോഗം തീരുമാനിച്ചു. സംഘടനയുടെ വനിതാവിഭാഗം രൂപീകരിക്കുന്നതിനു കൂടുന്ന സംസ്ഥാനതലയോഗത്തിൽ ജില്ലയിൽനിന്നും വനിതകളെ പങ്കെടുപ്പിക്കണമെന്നും തീരുമാനിച്ചു.

**എൻ. ആർ. ഗ്രാമപ്രകാശ്, ജില്ലാ സെക്രട്ടറി.**

---

**എ. കെ. പി. സി. ടി. എ. സംസ്ഥാന കമ്മിററി ഓഫീസ്.**
ടി. സി. 28/406., അംബുജവിലാസം റോഡ്, തിരുവനന്തപുരം 695001 ഫോൺ 77494.



### പ്രൊഫ. സി. പൗലോസ് അന്തരിച്ചു.

കോട്ടയം ബസേലിയസ് കോളേജ് കെമിസ്ട്രി അധ്യാപകൻ പ്രൊഫ. സി. പൗലോസ് ജൂൺ പതിനെട്ടാം തീയതി കോട്ടയം മെഡിക്കൽ കോളേജിൽ വച്ച് നിര്യാതനായി. പരേതന് ഭാര്യയും രണ്ടു കുട്ടികളുമുണ്ട്. എ. കെ. പി. സി. ടി. എ. യുടെ സജീവാംഗമായിരുന്ന പ്രൊഫ. പൗലോസിന്റെ നിര്യാണത്തിൽ സംഘടനയുടെ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

---


# എ. കെ. പി. സി. ടി. എ. ക്ക് സ്വന്തമായൊരു ഓഫീസ് കെട്ടിടം

എ. കെ. പി. സി. ടി. എ. ബിൽഡിംഗ് ഫണ്ടിലേക്ക് ഉദാരമായി സംഭാവന ചെയ്യുക.

ട്രഷറർ, എ. കെ. പി. സി. ടി. എ.
പരിയാരത്തു പറമ്പിൽ
പുല്ലാട്, പി. ഒ.
തിരുവല്ല.

(4-ാം പേജിന്റെ തുടർച്ച)

മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിനും കടമകൾനിർവഹിക്കുന്നതിനും സമൂഹത്തോടുള്ള ഉത്തരവാദിത്വം നിറവേററുന്നതിനും വേണ്ടി നിലകൊള്ളുകയും പ്രവർത്തിക്കുകയും ചെയ്യുക. ഈ സമിതിയിലെ അംഗങ്ങളെ സംഘടനാപ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാക്കുക. ഈ സമിതികൾ വഴി നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ആസൂത്രണവും വിശദമായ ചർച്ചകളും നടത്തുക.

7 കലാലയങ്ങളിലുള്ള സംഘടനാപ്രവർത്തനം സജീവമാക്കുക. കോളേജിലെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെടാൻ സംഘടനാപ്രവർത്തകർ പ്രത്യേകം താൽപര്യം കാണിക്കുക. പി. ടി. എ കളെ സജീവമാക്കുന്നതിന് ശ്രദ്ധിക്കുക. അദ്ധ്യാപകർ-അനദ്ധ്യാപകർ വിദ്യാർത്ഥികൾ—രക്ഷിതാക്കൾ എന്നിവർ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക. കോളേജ്‌യൂണിയൻ, വിവിധ അസോസിയേഷനുകൾ. എൻ. എസ്. എസ്. എന്നിവയുടെ പ്രവർത്തനങ്ങളിൽ താൽപര്യപൂർവ്വം പങ്കാളികളാകുക. മയക്കുമരുന്നുകൾക്കും മററും എതിരായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക. കോളേജുമായി ബന്ധപ്പെട്ട പരിസരപ്രദേശങ്ങളിലെ ജനജീവിതവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിന് അവസരങ്ങൾ കണ്ടെത്തുക.

8. മേൽ വിവരിച്ചതും ബന്ധപ്പെട്ടതുമായ ഒട്ടനവധി പ്രശ്നങ്ങൾ കണ്ടെത്തി സംഘടനാപ്രവർത്തനവുമായി സമന്വയിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്.. അദ്ധ്യാപകർക്കുള്ള റിഫ്രഷർകോഴ്സുകൾ, ഓറിയന്റേഷൻ കോഴ്സുകൾ എന്നിവ നടത്താൻ സംഘടന നേതൃത്വം നൽകണം. കരിക്കുലം, സിലബസ് എന്നിവ തയ്യാറാക്കുന്നതിനുള്ള വർക്കുഷോപ്പുകൾ സംഘടിപ്പിക്കണം. ഇതിനെല്ലാംതന്നെ യു. ജി. സി, യൂണിവേഴ്സിററികൾ, മററ് അദ്ധ്യാപക സംഘടനകൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്താവുന്നതാണ്. (തൃശൂർ കേരളവർമ്മ കോളേജിൽ നടന്ന എ കെ പി സി ടി എ പ്രവർത്തകക്യാമ്പിൽ അവതരിപ്പിച്ച രൂപരേഖയുടെ സംഗ്രഹം) □

---


# MODERN FLOORINGS & AGENCIES

**M. D. C. CENTRE, KOTTAYAM.**

Dealers in 100% Natural stones.

ഗ്രാനൈററ്, മാർബിൾ, കോട്ട, കടപ്പ, ഷഹബാദ്, തണ്ടൂർ, കുനിഗൽ സ്റേറാൺസ്, മാർമോ മാർബിൾടൈൽസ്......etc·

*Our show rooms:*

(1) M. D. കൊമേഴ്സ്യൽ സെൻറർ, കോട്ടയം. ഫോൺ 3121

(2) കോടിമത, M. C. റോഡ്, കോട്ടയം. ഫോൺ 62421, 62422.

**മൊസേക് നിർമ്മാണത്തിൽ പൗരാണികവും ആധുനികവുമായ സങ്കല്പങ്ങൾ സാക്ഷാത്കരിക്കുന്നു:**

# MODERN MOSAICS, THOTTAKAD.

**പടിഞ്ഞാററുകര ബിൽഡിംഗ്സ് തോട്ടയ്ക്കാട്, കോട്ടയം, ഫോൺ: കുററിക്കൽ88(582)**


* 1200 പൗണ്ട് ശക്തിയുള്ള പ്രസിംഗിൽ ടൈൽ അടിച്ചിറങ്ങുന്നു.

* 10 × 10 സൈസിൽ ഒരിഞ്ച് ഘനവും 3½ കിലോഗ്രാം തൂക്കവുമുള്ള മൊസേക് ടൈൽസ്.

**Kerala Private College Teacher**

*monthly journal of the all kerala private college teachers' association*

No. 89 R. No. M-36025/81 Registered No. KLTV (N) 35



1989 ജൂലൈ 15, 16 തീയതികളിൽ തൃശൂരിൽ നടന്ന എ. കെ. പി. സി. ടി. എ. പ്രവർത്തക ക്യാമ്പ്. സി. ഒ. പൗലോസ് സംസാരിക്കുന്നു. വേദിയിൽ ഐഫക്ടോ വൈസ് പ്രസിഡൻറ് പ്രൊഫ. എസ്.വിശ്വനാഥൻ, എ കെ പി സി ടി എ ജനറൽ സെക്രട്ടറി പ്രൊഫ.ജി മാധവൻ നായർ

printed and published by v. narayanankutty at chempaka printers trivandrum-4 phone 82127 chief edtior k. sukumaran nair.